കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# എന്മകജെ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2018-19

### ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

e-mail:doksd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ/കെ.എസ്.ഡി/5/1123/2019.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ് – 671123.
ഇ-മെയിൽ: doksd.ksad@kerala.gov.in
ഫോൺ: 0499-4256690.
തീയതി.09-01-2020.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

പ്രസിഡന്റ് ,
(സെക്രട്ടറി മുഖേന)
എണ്മകജെ ഗ്രാമ പഞ്ചായത്ത്.

സർ,

വിഷയം : എണ്മകജെ ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാറഡുക്ക ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,
ഡെപ്യൂട്ടി ഡയറക്ടർ.

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഇമെയിൽ)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്.

നം കെ.എസ്.എ/കെ.എസ്.ഡി./05 /1123/2019. തിയ്യതി:09.01.2020.

# കാസറഗോഡ് ജില്ലയിലെ എണ്മകജെ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

*****

കാസറഗോഡ് ജില്ലയിലെ എണ്മകജെ ഗ്രാമപഞ്ചായത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 26-12-2018 മുതൽ 05-11-2019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2018മുതൽ 31-03-2019വരെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 8 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

<u>(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>

| | |
| --- | --- |
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ ഉണ്ണി.പി.കെ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 06-11-2019 മുതൽ 14-11-2019 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | (1) ശ്രീ ലോകേശ ആചാരി ബി<br>(ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേഡ് )<br>(2) ശ്രീ വിനോദ് കുമാർ വി<br>(അസി.ഓഡിറ്റ് ഓഫീസർ)<br>(3) ശ്രീ യാദവ കുമാർ സി എച്ച്<br>(അസി.ഓഡിറ്റ് ഓഫീസർ)<br>(4) ശ്രീ ബാബു എം<br>(അസി.ഓഡിറ്റ് ഓഫീസർ)<br>(5) ശ്രീ ജനാർദ്ദനൻ സി<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |

<u>(ബി) നിർവ്വഹണാധികാരികൾ</u>

| | പേര് | കാലാവധി | |
| --- | --- | --- | --- |
| | | മുതൽ | വരെ |
| പ്രസിഡന്റ് | രൂപവാണി ഭട്ട് | 01-04-2018 | 08-08-2018 |
| | ജയശ്രീ കുലാൽ (വികസന സ്റ്റാൻഡിങ്ങ് കമ്മിറ്റി ചെയർപേഴ്സൻ, ഇൻചാർജ്ജ്) | 09-08-2018 | 21-09-2018 |
| | ശാരദ വൈ | 22-09-2018 | 31-03-2019 |
| സെക്രട്ടറി | പി ജി റെജിമോൻ | 01-04-2018 | 10-07-2018 |
| | കെ ഹരീഷ് (ചാർജ്) | 11-07-2018 | 14-08-2018(FN) |
| | പീതാംബരൻ പി (ചാർജ്) | 14-08-2018(AN) | 20-08-2018 |
| | ഷാജൻ എ വി | 21-08-2018 | 31-03-2019 |

<u>നിർവ്വഹണ ഉദ്യോഗസ്ഥൻമാർ</u>

| ഉദ്യോഗപ്പേര് | പേര് | കാലയളവ് | |
| --- | --- | --- | --- |
| | | | |

| | | മുതൽ | വരെ |
|---|---|---|---|
| കൃഷി ഓഫീസർ | വിനീത വി വർമ | 01-04-2018 | 31-03-2019 |
| വെറ്റി.സർജ്ജൻ | ഡോ ചന്ദ്രബാബു ഇ<br>ഡോ നേഖാ കൃഷ്ണൻ പി<br>ഡോ ജിഷാ കെ ജെയിംസ് | 01-04-2018<br>17-10-2018<br>01-03-2019 | 16-10-2018<br>28-02-2019<br>31-03-2019 |
| മെഡിക്കൽ ഓഫീസർ അലോപ്പതി<br>(പി. എച്ച്. സി പെർള) | ഡോ. ടീന എസ് ആർ.<br>ഡോ. രവി.<br>ഡോ. അരുൺ വി. | 01-04-2018<br>09-11-2018<br>28-03-2019 | 08-11-2018<br>27-03-2019<br>31-03-2019 |
| മെഡിക്കൽ ഓഫീസർ<br>ആയുർവ്വേദ | ഡോ. രെഞ്ജിത് കെ ആർ<br>ഡോ. ജയശ്രീ കെ | 01-04-2018<br>24-07-2018 | 23-07-2018<br>31-03-2019 |
| വി.ഇ.ഒ, പെർള സർക്കിൾ | അബ്ദുള്ള എ | 01-04-2018 | 31-03-2019 |
| വി.ഇ.ഒ, കാട്ടുകുക്കെ സർക്കിൾ | സാന ടി | 01-04-2018 | 31-03-2019 |
| ഐ.സി.ഡി. എസ്<br>സൂപ്പർവൈസർ | ബിന്ദു ബി.<br>സുലോചന കെ ടി. | 01-04-2018<br>01-01-2019 | 31-12-2018<br>31-03-2019 |
| ഹെഡ്മാസ്റ്റർ ,<br>GLPS ബാലെമൂലെ | ജനാർദ്ദന നായിക് വി | 01-04-2018 | 31-03-2019 |
| അസിസ്റ്റന്റ് എൻജിനിയർ | തിമ്മ കുടിയ ഒ.<br>പ്രവീൺ വി എഫ്. | 01-04-2018<br>17-01-2019 | 16-01-2019<br>31-03-2019 |
| അസിസ്റ്റന്റ് സെക്രട്ടറി | അഷറഫ് എൻ ബി.<br>അബ്ദുൾ ലത്തീഫ് കെ. | 01-04-2018<br>09-10-2018 | 08-10-2018<br>31-03-2019 |

**ഉള്ളടക്കം**


| ക്രമ നം. | | ഖണ്ഡിക നമ്പർ |
|---|---|---|
| | **ഭാഗം 1**<br>**പൊതു അവലോകനം** | |
| 1 | ബജറ്റ് അംഗീകരിച്ചതിന്റെ വിവരം | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമ പദ്ധതികൾക്ക് തൻവർഷം വിനിയോഗിച്ച തുകയുടെ വിവരം | 1-8 |
| 9 | ക്യാഷ് ബാലൻസ് പരിശോധന | 1-9 |

| | | |
|---|---|---|
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ | 1-12 |
| 13 | തനത് വരുമാനം | 1-13 |
| 14 | ടെലികമ്മ്യൂണിക്കേഷൻ ടവറുകളുടെ നികുതി പിരിവിൽ വൻ ചോർച്ച | 1-14 |
| 15 | പൊതുമരാമത്ത് മേഖലയിലെ ചെലവിൽ വലിയ കുറവ്- ചെലവ് 47 ശതമാനം മാത്രം | 1-15 |
| 16 | മരാമത്ത് പ്രവൃത്തികളുടെ ഡോക്യൂമെന്റേഷൻ അപൂർണം | 1-16 |
| 17 | ഓവ്വഹെഡ് ചാർജ്- സർക്കാർ നിബന്ധന പാലിച്ചിട്ടില്ല- നഷ്ടം | 1-17 |
| 18 | റോഡ് വികസന പ്രവൃത്തി- ഫയൽ ഹാജരാക്കിയിട്ടില്ല. | 1-18 |
| 19 | വെറ്റി.സർജൻ നിർവ്വഹണം നടത്തിയ പ്രോജക്ടുകളിലെ ന്യൂനതകൾ- | 1-19 |
| 20 | പാലിനു സബ്സിഡി-അപാകതകൾ | 1-20 |
| 21 | തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ് -സംയുക്തമായി പരിശോധന നടത്തുന്നില്ല. | 1-21 |
| 22 | കേരള സോഷ്യൽ സെക്യൂരിറ്റി മിഷന് ഗ്രാമ പഞ്ചായത്ത് വിഹിതം വിനിയോഗ സാക്ഷ്യപത്രം ഹാജരകിയിട്ടില്ല. | 1-22 |
| 23 | പഞ്ചായത്ത് വാഹനം -രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല. | 1-23 |
| 24 | ഡി & ഒ ചട്ടങ്ങളിലെ ഭേദഗതി പ്രകാരം ഫീസ് ഈടാക്കേണ്ടതാണ് | 1-24 |
| 25 | തൊഴിൽ നികുതി-ശാരീരിക അവശത സ്ഥിരീകരിക്കുന്നതിനുള്ള രേഖ ഹാജരാക്കിയിട്ടില്ല | 1-25 |
| 26 | തൊഴിൽ നികുതി പത്രികകൾ നിശ്ചിത മാതൃകയിൽ സമർപ്പിക്കുന്നില്ല | 1-26 |
| 27 | തൊഴിൽ നികുതി ഒടുക്കിയതിൽ കുറവ് | 1-27 |
| 28 | പട്ടിക വർഗ്ഗ വൃദ്ധർക്ക് കട്ടിൽ വിതരണം അപാകതക്കൽ | 1-28 |
| 29 | ഐ.കെ.എം വിഹിതം വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. | 1-29 |
| 30 | ഗ്രാമപഞ്ചായത്തും കേരള വാട്ടർ അതോറിറ്റിയും സംയുക്ത പരിശോധന നടത്തിയിട്ടില്ല | 1-30 |
| 31 | പദ്ധതികളുടെ മോണിറ്ററിംഗ് നടത്തിയിട്ടില്ല. | 1-31 |
| 32 | വൈദ്യുതി ലൈൻ വലിക്കൽ പദ്ധതി അപാകതകൾ | 1-32 |
| 33 | ലൈഫ് ഭവന പദ്ധതി അപാകതകൾ | 1-33 |
| | **ഭാഗം 2**<br>**വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 34 | തൊഴിൽ നികുതി ഒടുക്കിയതിൽ കുറവ് | 2-1 |
| | **ഭാഗം 3**<br>**ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 35 | ഓവർഹെഡ് ചാർജ്- സർക്കാർ നിബന്ധന പാലിച്ചിട്ടില്ല- നഷ്ടം | 3-1 |
| | **ഭാഗം 4**<br>**ധനകാര്യ വിശകലനവും ഓഡിറ്റ് പ്രത്യവലോകനം** | |

| | | |
|---|---|---|
| 36 | സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിവരങ്ങൾ | 4-1 |
| 37 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 38 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 39 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 40 | സ്ഥിര നിക്ഷേപം | 4-5 |
| 41 | ഓഡിറ്റ് റിക്കവറി | 4-6 |
| 42 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 43 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 44 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 45 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| 46 | Audit Certtificate | അനുബന്ധം-1 |
| 47 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | അനുബന്ധം-2 |
| 48 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | അനുബന്ധം-3 |
| 49 | ബാലൻസ് ഷീറ്റ് | അനുബന്ധം-4 |


# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

27-02-2019 തീയതിയിലെ 1/19 തീരുമാനപ്രകാരം ബജറ്റ് അംഗീകരിച്ചു. ബജറ്റ് പുതുക്കിയിട്ടില്ല.

ബജറ്റ് പ്രകാരമുള്ള വരവു ചെലവുകൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 32,34,530 |
| പ്രതീക്ഷിത വരവ് | 29,61,19,440 |
| ആകെ | 29,93,53,970 |
| പ്രതീക്ഷിത ചെലവ് | 29,80,31,944 |
| നീക്കിയിരിപ്പ് | 13,22,026 |

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2018 | 28-05- | - | - |

| | 2019 | | |
|---|---|---|---|

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2018-19 | 24-06-2019 & 25-06-2019 | No KSA/KSD3/506/2019<br>dt 07-08-2019 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 80,56,721 |
| വരവ് | 10,15,74,415 |
| ആകെ | 10,96,31,136 |
| ചെലവ് | 8,68,25,622 |
| നീക്കിയിരിപ്പ് | 2,28,05,514 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ (ACR പ്രകാരം) | | 0 | 2,96,25,743 | 2,96,25,743 | 2,56,21,431 | 40,04,312 |
| വികസന ഫണ്ട് -എസ്.സി.പി (ACR പ്രകാരം) | | 0 | 54,72,000 | 54,72,000 | 14,22,687 | 40,49,313 |
| വികസന ഫണ്ട് -ടി.എസ്.പി (ACR പ്രകാരം) | | 0 | 1,61,43,000 | 1,61,43,000 | 67,82,506 | 93,60,494 |
| മെയിന്റനൻസ്,റോഡ് (ACR പ്രകാരം) | | 0 | 1,02,07,000 | 1,02,07,000 | 1,01,65,065 | 41,935 |
| മെയിന്റനൻസ്,നോൺ- റോഡ് (ACR പ്രകാരം) | | 0 | 47,22,000 | 47,22,000 | 12,24,878 | 34,97,122 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 1,31,74,492 | 1,31,74,492 | 98,27,758 | 33,46,734 |
| എം.ജി.എൻ. ആർ.ഇ.ജി.എസ് | തൊഴിലാളി കളുടെ കൂലി | 0 | 2,30,75,855 | 2,30,75,855 | 2,30,75,855 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 0 | 4,52,474 | 4,52,474 | 4,52,474 | 0 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം | ICDS | 6,95,535 | 3,28,250 | 10,23,785 | 6,00,000 | 4,23,785 |
| | NPRPD | 5,00,000 | 0 | 5,00,000 | 200,000 | 300,000 |

| | | | | | | |
|---|---|---|---|---|---|---|
| തിരിച്ച് ചേർക്കുക) | | | | | | |
| സംസ്ഥാനാ വിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | ഖരമാലിന്യ നിർമ്മാർജന ഫണ്ട് | 0 | 10,50,000 | 10,50,000 | 4,22,062 | 6,27,938 |
| | വിമുക്തി ഫണ്ട് | 12,500 | 25,000 | 37,500 | 0 | 37500 |
| | ശുചിത്വമിഷൻ ഫണ്ട് | 1,42,154 | 6,66,400 | 8,08,554 | 0 | 8,08,554 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 0 | 42,27,548 | 42,27,548 | 13,61,264 | 28,66,284 |
| | ജില്ലാ പഞ്ചായത്ത് | 0 | 74,42,996 | 74,42,996 | 34,84,537 | 39,58,459 |
| ബി.ഫണ്ട് | വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 0 | 3,90,000 | 3,90,000 | 3,90,000 | 0 |
| | നെൽകൃഷി-ഉല്പാദന ബോണസ് | 0 | 30,000 | 30,000 | 30,000 | 0 |
| | MGNREGA നൂറ് തൊഴിൽദിനം പൂർത്തീകരിച്ചവർക്കുള്ള ഇൻസെന്റീവ് | 0 | 79,000 | 79,000 | 79,000 | 0 |
| | വാർദ്ധക്യകാല പെൻഷൻ | 0 | 2,02,71,900 | 2,02,71,900 | 2,02,71,900 | 0 |
| | കർഷക തൊഴിലാളി പെൻഷൻ | 0 | 8,05,200 | 8,05,200 | 8,05,200 | 0 |
| | വിധവാ പെൻഷൻ | 0 | 1,06,06,600 | 1,06,06,600 | 1,06,06,600 | 0 |
| | അവിവാഹിത പെൻഷൻ | 0 | 4,75,200 | 4,75,200 | 4,75,200 | 0 |
| | വികലാംഗ പെൻഷൻ | 0 | 42,26,300 | 42,26,300 | 42,26,300 | 0 |
| | തൊഴിലില്ലായ്മ വേതനം | 0 | 36,840 | 36,840 | 36,840 | 0 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 42,01,944 | 85,26,220 | 1,27,28,164 | 1,16,90,441 | 10,37,723 |
| | ട്രഷറി അക്കൗണ്ട് | 43,60,86 | 2,44,26,425 | 2,48,62,511 | 84,36,016 | 1,64,26,495 |
| മറ്റിനം | അവാർഡുകളും ബഹുമതികളും | 4,73,000 | 0 | 4,73,000 | 0 | 4,73,000 |
| | പെയിൻ & പലിയേറ്റീവ് കെയർ പദ്ധതി ജില്ലാ പഞ്ചായത്ത് വിഹിതം | 0 | 2,00,000 | 200,000 | 1,01,487 | 98,513 |
| | ഗുണഭോക്തൃ | 0 | 18,32,370 | 18,32,370 | 81,600 | 17,50,770 |

| | വിഹിതം | | | | | |
|---|---|---|---|---|---|---|

# 1-6 പദ്ധതി അവലോകനം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പദ്ധതി ആസൂത്രണം,നിർവ്വഹണം, വിലയിരുത്തൽ എന്നീ പ്രവർത്തനങ്ങൾ ഏകോപിക്കുന്നതിനും ആസൂത്രണ നിർവ്വഹണ പ്രക്രിയയിൽ ജനപങ്കാളിത്തം ഉറപ്പ് വരുത്തുന്നതിനുവേണ്ടി ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനം നിർബന്ധമായും രൂപീകരിക്കേണ്ട ഒരു സമിതിയാണ് ആസൂത്രണ സമിതി.09.01.2017 – ലെ ജി.ഒ.(എം.എസ്)72/2017/ എൽ.എസ്.ജി.ഡി. ഉത്തരവിൽ നിർദ്ദേശിച്ച പ്രകാരം ഗ്രാമപഞ്ചായത്ത് ഭരണസമിതി ആസൂത്രണസമിതി അംഗങ്ങളെ നിശ്ചയിച്ച് അംഗീകരിച്ചിട്ടുണ്ട്.

<u>സ്റ്റാറ്റസ് റിപ്പോർട്ട്</u>

ഗ്രാമപഞ്ചായത്തിന്റെ സ്റ്റാറ്റസ് റിപ്പോർട്ടും വികസനരേഖയും അംഗീകരിച്ചിട്ടുണ്ട്.

പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി വർക്കിംഗ് ഗ്രൂപ്പുകൾ നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. എന്നാൽ പദ്ധതിയുടെ നിർവഹണഘട്ടങ്ങളിൽ നടത്തുന്ന ഇടപെടലുകൾ കൂടുതൽ കാര്യക്ഷമമാക്കേണ്ടതായിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പുകളാണ് മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കേണ്ടത് എന്നതിനാൽ പദ്ധതികൾ പരിപൂർണ്ണമായ വിജയം കൈവരിക്കുന്നതിന് വർക്കിംഗ് ഗ്രൂപ്പുകളുടെ മേൽനോട്ടം അത്യാവശ്യമാണ്.

പദ്ധതികളുടെ അടങ്കൽ തുകയെകുറിച്ച് വിലയിരുത്തൽ നടത്തേണ്ടത് വർക്കിംഗ് ഗ്രൂപ്പുകളാണ്. പ്രൊജക്ടുകളുടെ പരിസ്ഥിതി ആഘാത സാദ്ധ്യതകൾ പരിശോധിക്കേണ്ടത് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളാണ്. ചെറുതും ഫലപ്രാപ്തികുറഞ്ഞതുമായ പ്രൊജക്ടുകൾ ഒഴിവാക്കേണ്ടുന്ന ചുമതലയും വർക്കിംഗ് ഗ്രൂപ്പുകൾക്കാണ്. എന്നാൽ ഇത്തരം പ്രവർത്തനങ്ങൾ നടത്തിയതു സംബന്ധിച്ച വിവരങ്ങളൊന്നും വർക്കിംഗ് ഗ്രൂപ്പ് മിനട്ട്സിൽരേഖപ്പെടുത്തിയിട്ടില്ല. തുടർന്നങ്ങോട്ട് ഈ അപാകത പരിഹരിക്കേണ്ടതാണ്.

<u>മോണിറ്ററിംഗ്:</u>

പ്രോജക്ടുകളുടെ മോണിറ്ററിംഗിനായി പദ്ധതി രൂപീകരണത്തിനു ശേഷം അതത് വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവഹണോദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതുമാണ്. കൂടാതെ പ്രോജക്ട് നിർവഹണം പൂർത്തിയാകുമ്പോൾ നിർവഹണോദ്യോഗസ്ഥൻ ഒരു പൂർത്തീകരണ സാക്ഷ്യപത്രം തയ്യാറാക്കേണ്ടതും ഇതിൽ പ്രോജക്ടിന്റെ ഭൗതിക ലക്ഷ്യങ്ങളും കൈവരിച്ച നേട്ടങ്ങളും വ്യക്തമായി രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ വർക്കിംഗ് ഗ്രൂപ്പുകൾ ഈ വിഷയം ഗൗരവപൂർവ്വം കൈകാര്യം ചെയ്യുതായി കാണുന്നില്ല. തുടർന്നങ്ങോട്ട് ഓരോ പ്രോജക്ട് പൂർത്തിയാകുമ്പോഴും കൃത്യമായ മോണിറ്ററിംഗ് നടക്കുന്നുണ്ട് എന്ന് ഭരണസമിതി ഉറപ്പുവരുത്തേണ്ടതാണ്.

2018-19 വർഷത്തിൽ നിർവ്വഹണം നടത്തിയ പദ്ധതികളുടെ വിവരം താഴെ നൽകുന്നു.

| അംഗീകാരം ലഭിച്ച പദ്ധതി | | നടപ്പാക്കിയ പദ്ധതി | | ഭാഗികമായി നടപ്പാക്കിത് (എണ്ണം) | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാ |
|---|---|---|---|---|---|---|
| എണ്ണം | അടങ്കൽ | എണ്ണം | ചെലവ് | | | |
| 253 | 14,23,00,138 | 136 | 7,30,75,775 | 0 | 117 | 54% |

**നടപ്പിലാക്കിയ പ്രോജക്ടുകളുടെ നിർവഹണ ഉദ്യോഗസ്ഥർ തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.**

| ക്രമ നം. | നിർവഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ച പ്രോജക്ടുകൾ | | നടപ്പിലാക്കിയ പ്രോജക്ടുകൾ | | ചെലവു ശതമാനം |
|---|---|---|---|---|---|---|
| | | എണ്ണം | തുക | എണ്ണം | തുക | |
| 1 | കൃഷി ഓഫീസർ | 10 | 74,52,869 | 9 | 24,94,166 | |
| 2 | വെറ്റി. സർജൻ | 5 | 16,10,000 | 5 | 8,08,000 | |

| | | | | | | |
|---|---|---|---|---|---|---|
| 3 | ഡെയറി ഫാം ഇൻസ്ട്രക്ടർ | 1 | 9,58,000 | 1 | 4,87,900 | |
| 4 | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 6 | 13,14,737 | 3 | 5,84,579 | |
| 5 | മെഡിക്കൽ ഓഫീസർ, ആയുർവ്വേദ | 1 | 1,00,000 | 1 | 1,00,000 | |
| 7 | വില്ലേജ് എക്സ്റ്റെൻസൻ ഓഫീസർ | 14 | 4,12,14,688 | 14 | 2,59,90,264 | |
| 8 | ഐ സി ഡി എസ് സൂപ്പർവൈസർ | 7 | 55,79,620 | 7 | 51,79,204 | |
| 9 | ഹെഡ്മാസ്റ്റർ | 16 | 61,78,625 | 9 | 18,96,194 | |
| 10 | സെക്രട്ടറി | 19 | 42,73,671 | 13 | 30,88,837 | |
| 11 | അസി. സെക്രട്ടറി | 9 | 61,07,113 | 5 | 9,91,839 | |
| 12 | അസി.എൻജിനിയർ | 165 | 6,75,10,815 | 69 | 3,14,54,792 | |
| | **ആകെ** | **253** | **14,23,00,138** | **136** | **7,30,75,775** | |

# 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവകൾ | 0 | 4,52,474 | 4,52,474 | 4,52,474 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 2,30,75,855 | 2,30,75,855 | 2,30,75,855 | 0 |
| ആകെ | 0 | 2,35,28,329 | 2,35,28,329 | 2,35,28,329 | |

# 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| വർഷം | ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 2018-19 | തൊഴിൽ രഹിത വേതനം | 36,840 | 19 |
| | കർഷകതൊഴിലാളി പെൻഷൻ | 8,05,200 | 213 |
| | വിധവാ പെൻഷൻ | 1,06,06,600 | 2452 |
| | | | |

| | | | |
|---|---|---|---|
| | വാർദ്ധക്യകാല പെൻഷൻ | 2,02,71,900 | 4513 |
| | വികലാംഗ പെൻഷൻ | ~~42,263,00~~ | ~~992~~ |
| | അവിവാഹിത പെൻഷൻ | 4,75,200 | 110 |
| | വിവാഹ ധനസഹായം | 3,90,000 | 13 |

# 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 07-11-2019 തീയതിയിൽ 2.40pm സമയത്ത് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 21984/-രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തരനിയന്ത്രണം

**<u>(1)ആസ്തികളുടെ പരിപാലനം-</u>**പഞ്ചായത്തിന്റെ തനത് ആസ്തികൾ വാങ്ങുന്നതിൽ പ്രോക്യൂർമെന്റ് കമ്മറ്റി രൂപീകരിച്ചിട്ടുണ്ടെങ്കിലും വാങ്ങലിന്റെ നടപടിക്രമങ്ങൾ പൂർണ്ണമായും പാലിക്കപ്പെടുന്നില്ല. നിലവിലെ ആസ്തികളുടെ സംരക്ഷണം സംബന്ധിച്ച് പരിശോധിച്ചതിൽ ആസ്തികൾ നമ്പറിങ് നടത്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. നിലവിൽ വാങ്ങിയ ആസ്തികളുടെ ഗ്യാരന്റി, വാറന്റി എന്നിവ സംബന്ധിച്ച് മോണിട്ടറിങ് ഇല്ല. എല്ലാ ആസ്തികൾക്കും നമ്പറിങ് നടത്തി രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. തെരുവ് വിളക്ക് സംബന്ധിച്ച് സ്റ്റാറ്റസ്റിപ്പോർട്ട് അപൂർണ്ണമാണ്. ആയതിന്റെ ആസ്തി രജിസ്റ്റർ ഇലക്ട്രിക്ക് പോസ്റ്റുകൾക്ക് നമ്പറിങ് നടത്തി രജിസ്റ്ററിൽ ചേർത്തിട്ടില്ല. ആയതിനാൽ വാറന്റിയുള്ള ലൈറ്റുകൾ ഫിറ്റ് ചെയ്താൽ അവ ഏതാണെന്ന് മനസ്സിലാക്കുന്നതിനും റിപ്പയർ നടത്താനും സംവിധനം ഇല്ല. നിലവിൽ ഇലക്ട്രിസിറ്റി ചാർജ്ജ് ഇനത്തിൽ വൻ തുക നൽകിവരുന്നുണ്ട്. സംയുക്ത പരിശോധന നടത്തി കൃത്യമായ വിവരത്തിൻെറ അടിസ്ഥാനത്തിൽ ഇലക്ട്രിസിറ്റി ചാർജ്ജ് ക്രമീകരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. വാട്ടർ അതോറിറ്റിയുമായി സംയുക്ത പരിശോധന നടത്തി പൊതു ടാപ്പുകളുടെ കൃത്യത പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്.

**<u>(2)രജിസ്റ്ററുകളുടെ സൂക്ഷിപ്പ്-</u>** ജീവനക്കാരുടെ വിവരങ്ങൾ അടങ്ങുന്ന ഇൻകുമ്പൻസി രജിസ്റ്റർ ഓഡിറ്റിനു ഹാജരാക്കിയിട്ടില്ല. നിശ്ചിത ജോലിവിഭജനം സംബന്ധിച്ച് അതാത് സെക്ഷനുകൾ സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ സംബന്ധിച്ച് ഓഫീസ് ഓർഡർ തയ്യാറാക്കിയത് കൃത്യമായി പാലിക്കപ്പെടുന്നില്ല. സെക്ഷനുകൾ പേഴ്സണൽ രജിസ്റ്റർ എഴുതി പ്രതിമാസ സാക്ഷ്യപ്പെടുത്തൽ നടത്തി സൂക്ഷിക്കുന്നില്ല. ആയതിനാൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കേണ്ട സേവനങ്ങൾ യഥാസമയം ലഭ്യമാവുന്നുണ്ടോ എന്നത് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. ഭരണസമിതി ഈ കാര്യത്തിൽ അടിയന്തിര നിർദ്ദേശം നൽകേണ്ടതാണ്.

**<u>(3)മേൽ നോട്ടം-</u>** ഭരണസമിതി തലത്തിലും, ജീവനക്കാരുടെ മേൽനോട്ടത്തിന് നിർദ്ധേശിക്കപ്പെട്ടവർ ആയത് സംബന്ധിച്ച് രേഖപ്പെടുത്തലുകൾ നടത്താത്തതിനാൽ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല .ഉദാ- ഓരോദിവസത്തേയും ഫയലുകളുടെ നീക്കങ്ങൾ പരിശോധിക്കാൻ പി.ആർ എഴുതി പ്രതിമാസം സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുണ്ട്. എന്നാൽ ഇത് പാലിക്കപ്പെടുന്നില്ല.

**<u>(4)ഫ്രണ്ട് ഓഫീസ് സംവിധാനം-</u>** ഫ്രണ്ട് ഓഫീസ് ഡ്യൂട്ടിരജിസ്റ്റർ ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്,

**<u>(6)ഓഫീസ് യോഗങ്ങൾ-</u>** നിശ്ചിത ഇടവേളകളിൽ ഓഫീസ് യോഗങ്ങൾ,സ്റ്റാൻെറിങ് കമമറ്റിയോഗങ്ങൾ എന്നിവചേരുന്നില്ല. ഓഫീസ് മീറ്റിങ്ങുകൾ കൃത്യമായ ഇടവേളകളിൽ നടത്തി ജീവനക്കാരുടെ പ്രവർത്തനങ്ങൾ വിലയിരുത്തി മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ ഉണ്ടാവേണ്ടതും ആയത് മോണിട്ടറിങ്ങ് നടത്തേണ്ടതുമാണ് ,

**<u>(7)ഫയലുകളിലും മറ്റും യഥാസമയം നടപടി സ്വീകരിക്കൽ –</u>** പഞ്ചായത്തിലെ മുൻ ഓഡിറ്റ് റിപ്പോർട്ടുകളിന്മേൽ നിലനിൽക്കുന്ന ചാർജ്ജ് സർചാർജ്ജ് നടപടികളുടെ തുടർ നടപടി, നിയമസഭ സമിതിയുടെ പരിഗണനയിലുള്ള

പരാമർശങ്ങൾ സംബന്ധിച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

<u>**മറ്റ് പ്രസക്തമായവ-**</u> പഞ്ചായത്തിന് പുതിയ വരുമാനമാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും, ഉള്ളവ വർദ്ധിപ്പിക്കുന്നതിനുമുള്ള തീരുമാനങ്ങൾ എടുത്തു നടപ്പിലാക്കുന്നതിന്ന് ധനകാര്യസ്റ്റാന്റിങ് കമ്മറ്റിയുടെ ഭാഗത്ത് നിന്ന് നടപടി ഉണ്ടാവേണ്ടതാണ്. തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനായി പുതിയ വരുമാന സ്രോതസ്സുകൾ, പരസ്യ നികുതി ഉൾപ്പെടെയുള്ളവ, കണ്ടെത്തുന്നതിനും ചുമത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്. കൂടാതെ സർക്കാർ തൊഴിൽ മേഖലയിൽ മിനിമം കൂലി നിശ്ചയിച്ച് ഉത്തരാവായിട്ടുള്ളതിനാൽ ആയതിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി നിർണ്ണയിച്ച് ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറൽ ഓഡിറ്റ് | 10-09-2014 | 2009-10 to 2013-14 | 10/11/14 |
| പെർഫോമെൻസ് ഓഡിറ്റ് | 17-7-19 & 18-7-19 | 1/3/19 to 31/7/2019 | 2-8-19 |

# 1-12 വാർഷികകണക്കുകളിലെ അപാകതകൾ

1. 2017-18 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധന സാക്ഷ്യപത്രത്തിൽ പരാമർശിച്ചിട്ടുള്ള അപാകതകൾ ഒന്നും പരിഹരിച്ചിട്ടില്ല.
2. സചിത്ര സോഫ്റ്റ് വെയർ മുഖേന ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആയതിനാൽ ബി-11 ഷെഡ്യൂൾ പ്രകാരം ബാലൻസ് ഷീറ്റിൽ കാണിച്ച സ്ഥിരം ആസ്തികളുടെ മൂല്യത്തിന്റെ കൃത്യത വ്യക്തമല്ല.
3. <u>**റിക്കൺസിലിയേഷൻ-**</u> 450230103- ജില്ലാ സഹകരണ ബാങ്ക്-തനതു ഫണ്ട്-

ഈ അക്കൗണ്ടിന്റെ 31.03.2019 ലെ റിക്കൺസിലിയേഷൻ തെറ്റാണ്. cheques deposited but not collected എന്ന കണക്കിൽ ചേർത്തിട്ടുള്ള 2,86,414 രൂപയിൽ 118170900004, 31800325, 118170900069 എന്നീ വൗച്ചറുകൾ പ്രകാരമുള്ള തുകകൾ ഉൾപ്പെടുത്തിയത് തെറ്റാണ്.

01.04.2017 ൽ ക്രഡിറ്റ് ആയ 1,450 രൂപ 31.03.2019 ലും Directly ctredited by bank എന്ന കണക്കിൽ പെടുത്തിയിരിക്കുന്നു.

25.09.2018 ന് 105,000 രൂപ Directly ctredited by bank എന്ന കണക്കിൽ പെടുത്തിയിരിക്കുന്നു. എന്നാൽ അങ്ങനെയൊരു ക്രഡിറ്റ് ബാങ്ക് അക്കൗണ്ടിൽ ഇല്ല.

Cheques deposited, but not presented into bankഎന്ന കണക്കിൽ 21800653, 21800510 എന്നീ വൗച്ചറുകൾ പ്രകാരമുള്ള തുകകൾ കാണിച്ചിട്ടുണ്ട്. എന്നാൽ ഈ ചെക്കുകൾ പാർട്ടികൾക്ക് കൊടുക്കാതെ ചെക്ക് ലീഫിൽ നില നിർത്തിയിട്ടുള്ളതായി കാണുന്നു.

31800327/30.03.2019 വൗച്ചർ പ്രകാരം 2,655 രൂപ കേരള ഗ്രാമീൺ ബാങ്കിലെ ഭവന നിധി അക്കൗണ്ടിലേക്ക് ട്രാന്സ്ഫർ ക്രഡിറ്റ് ചെയ്തതായി കാണിച്ച തുക 31.03.2019 ൽ Cheques issued, but not presented into bankഎന്ന കണക്കിൽ പെടുത്തിയിട്ടുണ്ട്. കേരള ഗ്രാമീൺ ബാങ്കിലെ ഭവന നിധി അക്കൗണ്ടിൽ ഇടപാടുകൾ ഇല്ലാത്തതിനാൽ അക്കൗണ്ട് വർഷങ്ങൾക്കു മുമ്പേ മരവിച്ചതാണ്.

4. <u>**റിക്കൺസിലിയേഷൻ-**</u> 450210105- സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ- ഓൺലൈൻ അക്കൗണ്ട്.

ഈ അക്കൗണ്ടിന്റെ 31.03.2019 ലെ റിക്കൺസിലിയേഷൻ തെറ്റാണ്. cheques deposited but not collected എന്ന കണക്കിൽ ചേർത്തിട്ടുള്ള 118170900039, 118170900040, 118170900056 എന്നീ വൗച്ചറുകൾ പ്രകാരമുള്ള തുകകൾ ഉൾപ്പെടുത്തിയത് തെറ്റാണ്.

06.02.2019 ന് 33,01,598 രൂപ Directly ctredited by bank എന്ന കണക്കിൽ പെടുത്തിയിരിക്കുന്നു. എന്നാൽ ഈ തുകയ്ക്ക് 118917090024, 25, 118170900039, 40 എന്നീ രശീതി വൗച്ചറുകൾ രേഖപ്പെടുത്തിയതാണ്.

31.03.2019 ന് 1,079 രൂപ Directly ctredited by bank എന്ന കണക്കിൽ പെടുത്തിയിരിക്കുന്നു. എന്നാൽ എന്നാൽ അങ്ങനെയൊരു ക്രഡിറ്റ് ബാങ്ക് അക്കൗണ്ടിൽ ഇല്ല.

31.03.2019 ൽ Cheques issued, but not presented into bankഎന്ന കണക്കിൽ വൗച്ചർ നം 21801221, 21801222/31.03.2019 എന്നീ വൗച്ചറുകൾ പ്രകാരമുള്ള തുകകൾ ചേർത്തിട്ടുണ്ട്. ഈ തുകകൾ ഈ അക്കൗണ്ടിൽ നിന്ന് വിവിധ തിയതികളിലായി ഓൺലൈനായി ട്രാൻസ്ഫർ ചെയ്ത തുകകളാണ്. ഇത് ഈ കണക്കിൽ പെടുത്തിയത് തെറ്റാണ്.

13.06.2018 ന് Directly ctredited by bank എന്ന കണക്കിൽ 192 രൂപ പെടുത്തിയിരിക്കുന്നു. എന്നാൽ ഈ അക്കൗണ്ടിൽ Directly ctredited by bank എന്ന കണക്കിൽ 649 രൂപയാണ് പെടുത്താവുന്നത്.

5. ലൈഫ് ഭവന പദ്ധതിയുടെ എസ്.സി.പി വിഹിതമായി മഞ്ചേശ്വരം ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച 1,85,654 രൂപയ്ക്ക് 118170900004, 118170900005 എന്നീ രണ്ടു രശീതി വൗച്ചറുകൾ പ്രകാരം 1,85,654 രൂപ വീതം ട്രഷറി എസ്.ബി അക്കൗണ്ടിൽ വരവു രേഖപ്പെടുത്തിയതായി കാണുന്നു.
6. പ്രോജക്റ്റ് നം 245/19- മാലിന്യ സംസ്കരണ കെട്ടിട നിർമാണം എന്ന പ്രാജക്റ്റിന് വേണ്ടി മഞ്ചേശ്വരം ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച 9,92,006 രൂപ 117170900002/22.02.2018 എന്ന വൗച്ചർ പ്രകാരം 320700104 എന്ന ഹെഡിൽ വരവും 30.03.2019 ലെ 41800418 നമ്പർ വൗച്ചർ പ്രകാരം ഈ പ്രോജക്റ്റിന്റെ ചെലവ് 320700204 എന്ന ഹെഡിലും രേഖപ്പെടുത്തിക്കാണുന്നു.
7. പ്രോജക്റ്റ് നം 245/19- മാലിന്യ സംസ്കരണ കെട്ടിട നിർമാണം എന്ന പ്രാജക്റ്റിന് വേണ്ടി മഞ്ചേശ്വരം ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച 9,92,006 രൂപ 117170900002/22.02.2018 എന്ന വൗച്ചർ പ്രകാരം ട്രഷറിയിലെ ജോയിന്റ് വെഞ്ചർ അക്കൗണ്ടിലാണ് നിക്ഷേപിച്ചത്. എന്നാൽ 31.01.2019 ലെ 1138668 നമ്പർ ചെക്ക് പ്രകാരം ഈ പ്രോജക്റ്റിന്റെ ചെലവ് നടത്തിയിരിക്കുന്നത് ട്രഷറിയിലെ എസ്.ബി. അക്കൗണ്ടിൽ നിന്നാണ്.
8. 320100127- Centrally sponsored fund- ICDS- എന്ന ഹെഡിൽ വൗച്ചർ നം 41800415/30.03.2019 പ്രകാരം രേഖപ്പടുത്തിയിരിക്കുന്ന ചെലവ് 3,00,000 രൂപയാണ്. എന്നാൽ Centrally sponsored fund- ICDS ൽ ആകെ ചെലവ് 2,00,000 രൂപയാണ്. (ചെക്ക് നം 1138636/06.07.2018- 1,00,000, 1138675/03.02.2019- 1,00,000)
9. 320200305- Grants, funds for specific purposes- other than devt.Fund and State Sponsored- എന്ന ഹെഡിൽ ചേർത്തിരിക്കുന്ന തുക സംബന്ധിച്ച് 2017-18 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 1-3 ൽ പരാമർശിച്ചിട്ടുള്ള അപാകതകൾ പരിഹരിച്ചിട്ടില്ല.
10. 320200399-grants funds and contributions- other than evt fund and state sponsored scheme- എന്ന ഹെഡിൽ ബഡ്സ് സ്കൂൾ ചെലവുകൾക്കായി 13.04.2016 ൽ ലഭിച്ച 255219 രൂപയും ബഡ്സ് സകൂൾ ജീവനക്കാർക്കുള്ള ഹോണറേറിയം ഇനത്തിൽ 06.07.2017 ന് ലഭിച്ച 2,10,400 രൂപയുമടക്കം 4,65,619 രൂപ 31.03.2019 ന് ബാദ്ധ്യതയായി നില നിർത്തിക്കാണുന്നു. എന്നാൽ ഈ ഉദ്ദേശങ്ങൾക്കായി 01/2017 മുതൽ പഞ്ചായത്ത് നടത്തിയിട്ടുള്ള ചെലവുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വൗച്ചർ നം, തിയതി | തുക | ഉദ്ദേശം |
|---|---|---|
| 21600665/09.01.2017 | 69,342 | ബഡ്സ് സ്കൂൾ ഡ്രൈവറുടെ വേതനം |
| 21701005/15.03.2018 | 2,88,000 | ബഡ്സ് സ്കൂൾ വർക്കേഴ്സിന്റെ ഹോണറേറിയം |
| 21701048/22.03.2018 | 44,000 | ബഡ്സ് സ്കൂൾ വർക്കേഴ്സിന്റെ ഹോണറേറിയം |
| 21800771/31.01.2019 | 22,000 | ബഡ്സ് സ്കൂൾ വർക്കേഴ്സിന്റെ ഹോണറേറിയം |
| 2181066/13.03.2019 | 11,000 | ബഡ്സ് സ്കൂൾ വർക്കേഴ്സിന്റെ ഹോണറേറിയം |
| 21801121/27.03.2019 | 11,000 | ബഡ്സ് സ്കൂൾ വർക്കേഴ്സിന്റെ ഹോണറേറിയം |
| 21801127/27.03.2019 | 11,000 | ബഡ്സ് സ്കൂൾ വർക്കേഴ്സിന്റെ ഹോണറേറിയം |
| | 4,56,342 | |

ഈ ചെലവുകൾ കണക്കാക്കി ഈ ഹെഡിലെ ബാദ്ധ്യത കുറവു ചെയ്തിട്ടില്ല.

11. പ്രോജക്ട് നം 82/18-19- ബജകുഡ്ലു പഞ്ചായത്ത് സ്റ്റേഡിയം നവീകരണം എന്ന പ്രോജക്ടിനായി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച 5,00,000 രൂപ 320700204- contribution for revenue expenditure- block panchayat എന്ന ഹെഡിലാണ് വരവ് രേഖപ്പെടുത്തിയത്. ( രശീതി വൗച്ചർ നം 118170900052/31.03.2019). എന്നാൽ ഈ പദ്ധതിക്കായി ചെലവു ചെയ്ത 4,96,956 രൂപയുടെ ചെലവിനത്തിൽ ബാദ്ധ്യതയിൽ വന്ന കുറവ് ജേണൽ വഴി രേഖപ്പെടുത്തിയത് 320700104- contribution for capital expenditure- block panchayat എന്ന ഹെഡിലാണ്.

12. 320700104- contribution for capital expenditure- block panchayat എന്ന ഹെഡിൽ 31.03.2019 ന് 6,95,050 രൂപ നീക്കിയിരിപ്പ് ബാദ്ധ്യതയുണ്ട്. എന്നാൽ ഇതിൽ 2,00,000 രൂപ 23.01.2014 ന് അലോട്ട്മെന്റ് ലെറ്റർ എന്ന നാരേഷനോട് കൂടി രേഖപ്പെടുത്തിയ തുകയാണ്. ഈ തുക ഏത് പദ്ധതിക്കായി ആരിൽ നിന്ന് ലഭിച്ച തുകയാണ് എന്ന വിവരങ്ങൾ പഞ്ചായത്തിവൽ ലഭ്യമല്ല.

13. 320800199-other grants funds and contributions for specific purposes- capital എന്ന ഹെഡിൽ പ്രോജക്ട് നം 233/19-കാണ്ടിഗെ-കങ്ങിണശാല എസ്.ടി കോളനി കുടിവെള്ള പദ്ധതിക്കായി 9,24,568 രൂപ ചെലവു നടത്തിയിട്ടുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. (വൗച്ചർ നം 21800775/02.02.2019- 1,10,098 രൂപ, വൗച്ചർ നം 21801137/29.03.2019- 8,14,470 രൂപ). എന്നാൽ സുലേഖയിൽ നിന്നുള്ള ചെലവു സ്റ്റേറ്റ്മെന്റിൽ ഈ പ്രോജക്ടിന്റെ ചെലവ് 8,14,470 രൂപ മാത്രമാണ്.

14. 320800199- 320800199-other grants funds and contributions for specific purposes- capital എന്ന ഹെഡിൽ എസ്.ടി. കോളനി കമ്മ്യൂണിറ്റി ഹാളിനു വേണ്ടി ലഭിച്ച 40 ലക്ഷം രൂപ 01.03.2017 നം എസ്.ടി കോളനി കുടിവെള്ള പദ്ധതിക്ക് ലഭിച്ച 10 ലക്ഷം രൂപ 28.03.2018 നം വരവ് രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിൽ നിന്ന് എസ്.ടി കോളനി കുടിവെള്ള പദ്ധതിക്ക് ചെലവു ചെയ്ത 9,24,568 രൂപയ്ക്ക് 02.02.2019, 29.03.2019 എന്നീ തിയതികളിൽ പേമെന്റ് രേഖപ്പെടുത്തിയിട്ടുണ്ട്. (വൗച്ചർ നം 21800775/02.02.2019, 21801137/29.023.2019). എന്നാൽ വീണ്ടും 41800421/30.03.2019 എന്ന ജേണലിലൂടെ 8,14,470 രൂപയുടെ ബാദ്ധ്യത കുറവു ചെയ്തിട്ടുണ്ട്. ആയതിനാൽ ഈ ഹെഡിൽ 31.03.2019 ന് കാണേണ്ടിയിരുന്ന യഥാർത്ഥ ബാദ്ധ്യത 40,75,432 രൂപയാണെങ്കിലും കണക്കുകൾ പ്രകാരം ഇത് 32,60,692 രൂപ മാത്രമായി ചുരുങ്ങി.

15. 320900101- nirmal grama puraskar എന്ന ഹെഡിൽ 31.03.2019 ന് 4,73,000 രൂപയുടെ നീക്കിയിരിപ്പ് ബാദ്ധ്യതയുണ്ട്. എന്നാൽ ഈ ഹെഡിൽ ലഭിച്ച 5 ലക്ഷം രൂപയിൽ 27,000 രൂപയ്ക്ക് 24.03.2015 ന് 41400268 എന് നമ്പരിൽ ജേണൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഈ ഹെഡിൽ നാളിതു വരെ പേമെന്റുകൾ ഒന്നും നടത്തിയതായി കാണുന്നില്ല.

16. 31.03.2019 ലെ ബാലൻസ് ഷീറ്റിൽ 350800199-liability for programme/scheme expenditure എന്ന ഹെഡിൽ 8,400 രൂപ ബാദ്ധ്യത കാണിച്ചിട്ടുണ്ട്. ഈ തുക വൗച്ചർ നം 11712900048/31.03.2018 പ്രകാരം പെൻഷൻ തുക തിരികെ വന്നതാണ്. ഈ തുക സർക്കാരിലേക്ക് തിരികെ അടക്കാത്തത് എന്തു കൊണ്ടെന്ന് വ്യക്തമല്ല.

17. 31.03.2017 ലെ 11612900023 നമ്പർ വൗച്ചർ പ്രകാരം വരവ് കാണിച്ച 8,33,919 രൂപയിൽ 5,00,0000 രൂപ 10.02.2018 ലെ 41700323 നമ്പർ ജേണൽ വൗച്ചർ മുഖേന 350800299—other liabilities എന്ന ബാദ്ധ്യതാ ഹെഡിലേക്ക് മാറ്റുകയും 31.03.2019 ലെ ബാലൻസ് ഷീറ്റിൽ ബാദ്ധ്യതയായി നില നിർത്തിക്കാണുകയും ചെയ്യുന്നു. ഇത്തരത്തിലൊരു മാറ്റൽ നടത്തിയതിന് ആധികാരികമായ വിവരങ്ങളോ അനുമതികളോ ഹാജരാക്കിയിട്ടില്ല.

18. 31.03.2019 ലെ ബാലൻസ് ഷീറ്റിൽ 412010101-closing stock- stores എന്ന ഹെഡിൽ 13,213 രൂപ കാണിച്ചിട്ടുണ്ട്. ഇത് 31.03.2018 ന് അസിസ്റ്റന്റ് എഞ്ചിനീയർ സെക്രട്ടറിക്ക് തിരികെ കൈമാറിയ ബിറ്റുമിന്റെ സ്റ്റോക്കിന്റെ മൂല്യമാണ്. ഈ ക്ലോസിങ്ങ് സ്റ്റോക്ക് ഏതെങ്കിലും വിധത്തിൽ പിന്നീട് വിനിയോഗിച്ചതായി രേഖകൾ ഇല്ല. വാർഷിക ധനകാര്യ പത്രികയുടെ പരിശോധനാ സമയത്ത് ഈ സ്റ്റോർ ഭൗതിക പരിശോധന നടത്തുവാൻ ശ്രമിച്ചെങ്കിലും സ്റ്റോക്ക് കാണിച്ചു തരുവാൻ പഞ്ചായത്ത് സെക്രട്ടറിക്ക് സാധിച്ചിട്ടില്ല.

19. 31.03.2019 ലെ ബാലൻസ് ഷീറ്റിൽ 460100101-Festival advance എന്ന ഹെഡിൽ 22,000 രൂപ കിട്ടാനുള്ള തുകയായി കാണിച്ചിട്ടുണ്ട്. എന്നാൽ അഡ്വാൻസ് രജിസ്റ്റർ പ്രകാരം 31.03.2019 ൽ ഈയിനത്തിൽ ലഭിക്കാനുള്ള തുക 10,000 രൂപ മാത്രമാണ്.

20. 31.03.2019 ലെ ബാലൻസ് ഷീറ്റിൽ 411200101 മുതൽ 411800101 വരെയുള്ള ഹെഡുകളിൽ ഡെപ്രിസിയേഷൻ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 01.04.2018 വരെ accumlate ചെയ്ത ഡെപ്രിസിയേഷൻ തുക തന്നെയാണ് 2018-19 ലെ ഡെപ്രിസിയേഷൻ ആയി രേഖപ്പെടുത്തിയിട്ടുള്ളത്. ഇത് തെറ്റാണ്.

21. മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ EFMS തുക 31.03.2019 ലെ FTO സമ്മറി പ്രകാരം ചുവടെ ചേർക്കുന്നു.

wages to unskilled labourers- 1,98,56,726

Cost of materials- 19,26,603

wages to semi skilled and skilled labourers- 3,34,500

Total 2,21,17,829

എന്നാൽ 30.03.2019 ലെ 41800341 നമ്പർ ജേണൽ മുഖേന EFMS തുകയായി രേഖപ്പെടുത്തിയിട്ടുള്ളത് 2,30,75,885 രൂപയാണ്.

22. 31.03.2019 ലെ ക്യാഷ് നീക്കിയിരിപ്പ് 91,223 രൂപയാണ്. എന്നാൽ ഈ തുക പിറ്റേ പ്രവൃത്തി ദിവസം ബാങ്കിൽ അടച്ചാതായി കാണുന്നില്ല.
23. 31.03.2019 ലെ ബാലൻസ് ഷീറ്റിൽ 320200309-Literacy Scheme grant എന്ന ഹെഡിൽ 8,941 രൂപ നീക്കിയിരിപ്പ് ഉണ്ട്. ഈ തുക പ്രേരകിന് ഹോണറേറിയം ഇനത്തിൽ ജില്ലാ സഹകരണ ബാങ്കിലെ അക്കൗണ്ടിൽ വരവു വന്ന തുകയാണ്. ഈ തുക സാക്ഷരതാ അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടില്ല. തനതു ഫണ്ടിൽ നിക്ഷേപിച്ചതിനാൽ ഈ തുക ചെലവഴിച്ചിട്ടുണ്ടോ എന്ന കാര്യം വ്യക്തമല്ല.
24. <u>വസ്തു നികുതി-</u>

വസ്തു നികുതിയുടെ വരുമാനം രേഖപ്പെടുത്തുന്നതിന് ആധാരമാക്കിയ Demand report പരിശോധനയ്ക്ക് ലഭ്യമാക്കിയതിൽ പഞ്ചായത്തിലെ 17 വാർഡുകളിൽ നിന്നായി 19,46,324 രൂപ വരുമാനം ഉണ്ട്. ഈ തുക തന്നെയാണ് വരുമാനം രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ധനകാര്യ പത്രിക പരിശോധനാ സമയത്ത് ഹാജരാക്കിയ സഞ്ചയ സോഫ്റ്റ്വെയറിൽ നിന്നുള്ള collection Progress Report പ്രകാരം 2018-19 ലെ ഡിമാന്റ് 20,47,322 രൂപയാണ്. കൂടാതെ, 2018-19 ലെ collection Progress Report പ്രകാരമുള്ള കളക്ഷൻ, ബാലൻസ് എന്നിവ വാർഷിക ധനകാര്യ പത്രികയിലെ വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല. വസ്തു നികുതി കുടിശ്ശികയുടെ മുന്നിരിപ്പ്, കളക്ഷൻ, നീക്കിയിരിപ്പ് വിവരങ്ങളും വാർഷിക ധനകാര്യ പത്രികയിലെ വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല.

# 1-13 തനത് വരുമാനം

| വർഷം | ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|---|
| 2018-19 | നികുതി വരവുകൾ | 3689496 | 3646334 | 43162 | |
| | നികുതിയേതര വരവുകൾ | 509538 | 775586 | 266048 | |
| | മറ്റുവരവുകൾ | 231139 | 102038 | 129101 | |
| | ആകെ | 4430173 | 4523958 | 93785 | +2.11 |

# 1-14 ടെലികമ്മ്യൂണിക്കേഷൻ ടവറുകളുടെ നികുതി പിരിവിൽ വൻ ചോർച്ച

വസ്തു നികുതിയുമായി ബന്ധപ്പെട്ട സഞ്ചയ സോഫ്റ്റ്വെയറിലെ വിവരങ്ങൾ പരിശോധിച്ചപ്പോൾ ഓഡിറ്റ് സമയം വരെ ആറ് ടെലികമ്മ്യൂണിക്കേഷൻ ടവറുകൾക്കു മാത്രമേ വസ്തു നികുതി നിർണയിച്ചു കാണുന്നുള്ളൂ. ഈ ആറ് ടവറുകളിൽ അഞ്ചും 2013-14 നു മുൻപ് തന്നെ നികുതി നിർണയം നടത്തിയവയും ഒരു ടവർ 2013-14 ൽ നികുതി നിർണയിക്കപ്പെട്ടിട്ടുള്ളതും ആണ്. ടെലികമ്മ്യൂണിക്കേഷൻ ടവറുകളുടെ നിർമാണാനുമതികൾ, പൂർത്തീകരണം, വസ്തു നികുതി നിർണയം എന്നിവയിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

എ) കെട്ടിട അപേക്ഷാ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിൽ മുൻകാലങ്ങളിൽ വരുത്തിയിട്ടുള്ള വീഴ്ചകൾ കാരണം ടെലികമ്മ്യൂണിക്കേഷൻ ടവറുകളുടെ നിർമാണാനുമതി അപേക്ഷകൾ, പെർമിറ്റ് വിവരങ്ങൾ, പൂർത്തീകരണ വിവരങ്ങൾ, വസ്തു നികുതി നിർണയ വിവരങ്ങൾ എന്നിവ സംബന്ധിച്ച പൂർണമായ വിവരങ്ങൾ പഞ്ചായത്തിൽ ഇല്ല. മറ്റു കെട്ടിട അപേക്ഷകളിൽ എന്ന പോലെത്തന്നെ ടെലികമ്മ്യൂണിക്കേഷൻ ടവറുകളുടെയും അനുമതിക്കായി അപേക്ഷിക്കുന്ന ആളുടെ പേര്, വിലാസം, ടവ്വ നിർമിക്കാനുദ്ദേശിക്കുന്ന വില്ലേജ്, സർവേ നം, വിസ്തൃതി, പെർമിറ്റ് ഫീസും അപേക്ഷാ ഫീസും ഈടാക്കിയതിന്റെ വിവരങ്ങൾ, പെർമിറ്റ് നം, തിയതി, പെർമിറ്റിന്റെ കാലാവധി, പൂർത്തീകരണ തിയതി, വസ്തു നികുതി നിർണയിച്ചതിന്റെ വിവരങ്ങൾ എന്നിവ കെട്ടിട അപേക്ഷാ രജിസ്റ്ററിൽ വ്യക്തമായും പൂർണമായും രേഖപ്പെടുത്തിയിട്ടില്ല. 2011-12, 2012-13, 2013-14 എന്നീ വർഷങ്ങളിൽ കെട്ടിട അപേക്ഷാ രജിസ്റ്റർ ഭാഗികമായി മാത്രമേ എഴുതിയിട്ടുള്ളൂ. ആയതിനാൽ ഈ കാലയളവുകളിൽ ടെലികമ്മ്യൂണിക്കേഷൻ ടവർ നിർമാണത്തിനായി ലഭിച്ച അപേക്ഷകൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല.

ബി) കെട്ടിട അപേക്ഷാ രജിസ്റ്റർ പ്രകാരം 2007-08 മുതൽ ടെലികമ്മ്യൂണിക്കേഷൻ ടവറുകളുടെ നിർമാണത്തിനായി ലഭിച്ച അപേക്ഷകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പെർമിറ്റ് നം, തിയതി, കാലയളവ് | അപേക്ഷകൻ | ഫീസ് അടച്ച തിയതി | പൂർത്തീകരണ തിയതി, വസ്തു നികുതി നിർണയ നമ്പർ |
|---|---|---|---|---|
| 1 | രേഖപ്പെടുത്തിയിട്ടില്ല | റിലയൻസ് കമ്മ്യൂണിക്കേഷൻ, കൊച്ചി | 05/07/2007 | രേഖപ്പെടുത്തിയിട്ടില്ല |
| 2 | രേഖപ്പെടുത്തിയിട്ടില്ല | ഭാരതി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് കൊച്ചി | 10/2007, 11/2007 | രേഖപ്പെടുത്തിയിട്ടില്ല |
| 3 | രേഖപ്പെടുത്തിയിട്ടില്ല | ഭാരതി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് കൊച്ചി | 22/05/2008 | രേഖപ്പെടുത്തിയിട്ടില്ല |
| 4 | രേഖപ്പെടുത്തിയിട്ടില്ല | ഭാരതി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് കൊച്ചി | 22/05/2008 | രേഖപ്പെടുത്തിയിട്ടില്ല |
| 5 | രേഖപ്പെടുത്തിയിട്ടില്ല | എം.എൻ പ്രേമകൃഷ്ണൻ നായർ, ഇൻഡസ് ടവേഴ്സ്, കൊച്ചി | 01/2009 | രേഖപ്പെടുത്തിയിട്ടില്ല |
| 6 | രേഖപ്പെടുത്തിയിട്ടില്ല | സുനിൽ മേനോൻ, ഇന്ത്യാ ടെലികോം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് | 17/03/2009 | രേഖപ്പെടുത്തിയിട്ടില്ല |
| 7 | രേഖപ്പെടുത്തിയിട്ടില്ല | എം.എൻ പ്രേമകൃഷ്ണൻ നായർ, ഇൻഡസ് ടവേഴ്സ്, മരട് | 25/05/2009 | രേഖപ്പെടുത്തിയിട്ടില്ല |
| 8 | 14/2010, 01/06/2010 | സബ് ഡിവിഷണൽ എഞ്ചിനീയർ, ബി.എസ്.എൻ.എൽ മൊബൈൽ | 01/06/2010 | രേഖപ്പെടുത്തിയിട്ടില്ല |

| | | | | |
|---|---|---|---|---|
| | | സർവീസസ്, കാസറഗോഡ് | | |
| 9 | രേഖപ്പെടുത്തിയിട്ടില്ല | സുദേവൻ.വി.ഡി, വയോം നെറ്റ് വർക്ക് ലിമിറ്റഡ്, കൊച്ചി | 06/01/2010 | രേഖപ്പെടുത്തിയിട്ടില്ല |
| 10 | രേഖപ്പെടുത്തിയിട്ടില്ല | ഇൻഡസ് ടവേഴ്സ് ലിമിറ്റഡ് | 07/2011, 08/2011 | രേഖപ്പെടുത്തിയിട്ടില്ല |
| 11 | രേഖപ്പെടുത്തിയിട്ടില്ല | റിലയൻസ് ജിയോ ഇൻഫോകോം | 20.01.2018 | രേഖപ്പെടുത്തിയിട്ടില്ല |
| 12 | 85313/18, 19.04.2018 | റിലയൻസ് ജിയോ ഇൻഫോകോം | 04/2018 | രേഖപ്പെടുത്തിയിട്ടില്ല |
| 13 | 85296/18, 19.04.2018 | റിലയൻസ് ജിയോ ഇൻഫോകോം | 04/2018 | രേഖപ്പെടുത്തിയിട്ടില്ല |
| 14 | 281711/18, 31.07.2018 | റിലയൻസ് ജിയോ ഇൻഫോകോം | 07/2018 | രേഖപ്പെടുത്തിയിട്ടില്ല |
| 15 | 69929/19, 11.03.2019 | റിലയൻസ് ജിയോ ഇൻഫോകോം | 03/2019 | കാലാവധി കഴിഞ്ഞിട്ടില്ല. |
| 16 | 147257/19, 28.05.2019 | എ.ടി.സി ടെലികോം ഇൻഫ്രാസ്ടക്ച്ചർ ലിമിറ്റഡ് | 05/2019 | കാലാവധി കഴിഞ്ഞിട്ടില്ല. |
| 17. | 237606/19, 17.07.2019 | എ.ടി.സി ടെലികോം ഇൻഫ്രാസ്ടക്ച്ചർ ലിമിറ്റഡ് | 07/2019 | കാലാവധി കഴിഞ്ഞിട്ടില്ല. |

മേൽ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള പെർമിറ്റ് അപേക്ഷകളിൽ ക്രമ നം 1, 5,6,7,9,10 എന്നീ ടവറുകൾക്കു മാത്രമേ നാളിതു വരെ വസ്തു നികുതി നിർണയിച്ച് ഈടാക്കി വരുന്നുള്ളൂ. ക്രമ നം 2,3,4,8,11,12,13,14 എന്നീ ടവറുകളുടെ നിർമാണം, പൂർത്തീകരണം എന്നിവ സംബന്ധിച്ച യാതൊരു വിവരങ്ങളും പഞ്ചായത്തിൽ ഇല്ല.

വാർത്താവിനിമയ ഗോപുരങ്ങളുടെ പെർമിറ്റ് കാലാവധി ഒരു വർഷമാണ്. എന്നാൽ പെർമിറ്റിന്റെ കാലാവധി നീട്ടിക്കിട്ടുന്നതിന് അതിന്റെ സാധുതാ കാലാവധിയിൽ തന്നെ അപേക്ഷിക്കുന്ന പക്ഷം, അസൽ പെർമിറ്റിന്റെ നിലവിലുള്ള ഫീസിന്റെ 50% ഈടാക്കി പെർമിറ്റ് ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് നൽകാവുന്നതാണ്. എന്നാൽ ഒരു വർഷ കാലാവധിക്ക് ശേഷം ഈ ടവറുടമകൾ നിർമ്മാണാനുമതി പുതുക്കുകയോ, ടവറുകളുടെ കംപ്ലീഷൻ നല്കുകയോ ചെയ്തിട്ടില്ല.

ക്രമ നം 2,3,4,8,11,12,13,14 എന്നീ ടവറുകൾ നാളിതു വരെ നിയമാനുസൃതമായ അനുമതിയോ, കെട്ടിട നമ്പറോ ഇല്ലാതെയും, വസ്തു നികുതി അടവാക്കാതെയും പ്രവർത്തിച്ചു വരുന്നതായി കാണുന്നു. മാത്രമല്ല, അനധികൃത നിർമാണങ്ങളുമായി ബന്ധപ്പെട്ട വിവരങ്ങൾ രേഖപ്പെടുത്തി വരുന്ന രജിസ്റ്ററിലോ "സഞ്ചയ"സോഫ്റ്റ് വെയറിലോ മേൽ ടവറുകളുടെ വിവരവും, അവയിൽ നിന്നും നിലവിൽ നിയമാനുസൃതം ഈടാക്കേണ്ട മൂന്നിരട്ടി വസ്തു നികുതി ഈടാക്കിയതിന്റെ വിശദാംശങ്ങളും ലഭ്യമല്ല. ആയതിനാൽ പെർമിറ്റ് നേടാതെയും, നമ്പറില്ലാതെയും വസ്തു നികുതി അടവാക്കാതെയും ഇത്തരത്തിൽ അനധികൃതമായിട്ടുള്ള മുഴുവൻ നിർമാണങ്ങൾക്കെതിരെയും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, സെക്ഷൻ 235 ഡബ്ല്യു, 2011 ലെ കെട്ടിട നിർമാണ ചട്ടങ്ങളിലെ ചട്ടം 20,137,138 എന്നിവ

പ്രകാരം തുടർ നടപടികൾ സ്വീകരിക്കേണ്ടതും, ക്രമവല്ക്കരിക്കുന്നത്/പൊളിച്ച് നീക്കുന്നത് വരെ നിയമാനുസൃതം ഈടാക്കേണ്ട മൂന്നിരട്ടി വസ്തു നികുതി ഈടാക്കാനും, നിയമപ്രകാരമുള്ള എല്ലാ രേഖകളും ലഭ്യമാക്കി ക്രമവല്ക്കരിക്കുന്ന പക്ഷം അവയ്ക്കു ബാധകമായിട്ടുള്ള മുഴുവൻ വസ്തു നികുതി, പെർമിറ്റ്/റഗുലറൈസേഷൻ ഫീസ് തുടങ്ങിയവ നിർണയിച്ച് പിഴ സഹിതം മുൻകാല പ്രാബല്യത്തോടെ ഈടാക്കാനും ആയത് "സഞ്ചയ"യിൽ അപ്ഡേറ്റ് ചെയ്യാനും നടപടി സ്വീകരിക്കേണ്ടതാണ്.

സി) നാളിതു വരെ ആകെ ആറു ടവറുകൾക്കു മാത്രമേ പഞ്ചായത്ത് നികുതി ഈടാക്കി വരുന്നുള്ളൂ. പെർള ടൗണിൽ തന്നെ ഒറ്റ നോട്ടത്തിൽ അഞ്ച് ടവറുകൾ കാണാവുന്നതാണ്. പഞ്ചായത്ത് സൂക്ഷിച്ചിട്ടുള്ള കെട്ടിട അപേക്ഷാ രജിസ്റ്റർ അപൂർണവും അവ്യക്തവുമായതിനാൽ ക്രമ നം ബി യിൽ സൂചിപ്പിച്ചിട്ടുള്ള പട്ടിക അപൂർണമാണെന്ന് ഉറപ്പാണ്. ആയതിനാൽ പഞ്ചായത്ത് പ്രദേശത്ത് സ്ഥാപിച്ചിട്ടുള്ള മുഴുവൻ ടെലി കമ്മ്യൂണിക്കേഷൻ ടവറുകളുടെയും പോൾ സ്ട്രക്ച്ചറുകളുടെയും പൂർണമായ വിവര ശേഖരണം ഉടൻ നടത്തേണ്ടതും ക്രമ നം ബി യിൽ സൂചിപ്പിച്ചിട്ടുള്ള തുടർ നടപടികൾക്കു വിധേയമാക്കേണ്ടതുമാണ്. ഈ വിഷയത്തിൽ പഞ്ചായത്തിന്റെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും പഞ്ചായത്ത് കമ്മിറ്റിയുടെയും സെക്രട്ടറിയുടെയും അടിയന്തിര ശ്രദ്ധ പതിയേണ്ടതുണ്ട്.

# 1-15 പൊതുമരാമത്ത് മേഖലയിലെ ചെലവിൽ വലിയ കുറവ്- ചെലവ് 47 ശതമാനം മാത്രം

2018-19 വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കാനുദ്ദേശിച്ച പദ്ധതികളിൽ വലിയൊരു ഭാഗം പദ്ധതികൾക്കും തൻവർഷം ചെലവു വരുത്താൻ സാധിച്ചിട്ടില്ല. ആയതിനാൽ വകയിരുത്തിയ തുകയുടെ വിനിയോഗത്തിൽ വലിയ ഇടിവ് വരുകയും ആയത് പഞ്ചായത്തിന് അനുവദിച്ച ഫണ്ടുകളുടെ വലിയൊരു ഭാഗം ലാപ്സാവുന്നതിനും വഴി വച്ചിട്ടുണ്ട്.

വിവിധ ഫണ്ടുകളിലായി തൻവർഷം 6.75 കോടി രൂപ അടങ്കലുള്ള 165 പ്രോജക്ടുകളായിരുന്നു പൊതു മരാമത്ത് മേഖലയിൽ തയ്യാറാക്കി അസിസ്റ്റന്റ് എഞ്ചിനീയറെ ഏൽപ്പിച്ചത്. ഇതിൽ കേവലം 69 പ്രോജക്ടുകളിലായി 3.14 കോടി രൂപ മാത്രമേ തൻവർഷം ചെലവഴിക്കാൻ അസിസ്റ്റന്റ് എഞ്ചിനീയർക്ക് സാധിച്ചിട്ടുള്ളൂ. വിവിധ ഫണ്ടുകളിൽ വകയിരുത്തിയതും ചെലവഴിച്ചതുമായ തുകകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ട് | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവു ശതമാനം |
|---|---|---|---|
| വികസന ഫണ്ട് ജനറൽ | 1,24,68,510 | 79,72,479 | |
| വികസന ഫണ്ട് എസ്.സി.പി | 21,43,360 | 4,00,587 | |
| വികസന ഫണ്ട് ടി.എസ്.പി | 47,05,170 | 0 | |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 1,50,12,108 | 96,55,326 | |
| തനതു ഫണ്ട് | 78,13,050 | 16,73,323 | |
| മറ്റു ബ്ലോക്ക് പഞ്ചായത്തുകളുടെ വിഹിതം | 34,92,006 | 12,67,425 | |
| ജില്ലാ പഞ്ചായത്ത് വിഹിതം | 7,00,000 | 0 | |
| മെയിന്റനൻസ് ഫണ്ട്- റോഡ് | 1,64,48,211 | 1,01,65,065 | |
| മെയിന്റനൻസ് ഫണ്ട്- റോഡിതരം | 38,72,000 | 1,09,556 | |
| മറ്റുള്ളവ | 8,56,400 | 2,11,031 | |
| ആകെ | 6,75,10,815 | 3,14,54,792 | 46.59 |

എല്ലാ ഫണ്ടുകളിൽ നിന്നുമുള്ള ചെലവുകളിലും ഇടിവ് ഉണ്ടായിട്ടുള്ളതായി മേൽ പട്ടികയിൽ നിന്ന് മനസ്സിലാക്കാവുന്നതാണ്. ഈ വിഷയം പഞ്ചായത്ത് കമ്മിറ്റി പരിശോധിക്കേണ്ടതും പരിഹാര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

# 1-16 മരാമത്ത് പ്രവൃത്തികളുടെ ഡോക്യുമെന്റേഷൻ അപൂർണം

2018-19 വർഷം നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ ഫയലുകൾ പരിശോധിച്ചതിൽ പ്രവൃത്തികളുടെ ഫയലുകൾ, മറ്റു രേഖകൾ എന്നിവയുടെ സൂക്ഷിപ്പിൽ വീഴ്ച വരുത്തിയിട്ടുള്ളതായി കാണുന്നു. ഡോക്യുമെന്റേഷനിൽ വരുത്തിയിട്ടുള്ള ഈ വീഴ്ചകൾ കാരണം പ്രവൃത്തികളുടെ ആസൂത്രണ നിർവഹണ ഘട്ടങ്ങളിലെയും മോണിറ്ററിംഗ് ഘട്ടത്തിലെയും വിവിധ പ്രവർത്തനങ്ങളുടെ പൂർണമായ ചിത്രം പഞ്ചായത്തിൽ നിന്നും മനസ്സിലാക്കാനാവുന്നില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1. ഇ-ടെണ്ടർ- ടെണ്ടർ രേഖകൾ ഫയലിൽ ഉൾക്കൊള്ളിച്ചിട്ടില്ല-

2018-19 വർഷം ഇ-ടെണ്ടർ നടത്തിയ മിക്ക പ്രോജക്ടുകളുടെ ഫയലുകളിലും ഇ-ടെണ്ടർ സംബന്ധിച്ച രേഖകൾ ഉൾക്കൊള്ളിച്ചിട്ടില്ല. ഇ-ടെണ്ടർ നോട്ടീസ്, ബിഡ്ഡർമാർ സമർപ്പിച്ച ബിഡ് ഡോക്യുമെന്റുകൾ, ടെണ്ടർ ടാബുലേഷൻ സ്റ്റേറ്റ്മെന്റ്, ടെണ്ടർ സംബന്ധിച്ച് പഞ്ചായത്ത് കമ്മിറ്റി തീരുമാനം എന്നീ രേഖകൾ മിക്ക ഫയലുകളിലും ഉൾപ്പെടുത്തിക്കാണുന്നില്ല. ആയതിനാൽ ഈ പ്രവൃത്തികളുടെ ഇ-ടെണ്ടർ സംബന്ധിച്ച് അവ്യക്തത നില നിൽക്കുന്നു.

ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

എ)- പ്രോജക്ട് നം 233- ഖണ്ഡികെ കൊങ്കണിശാല എസ്.ടി കോളനി കുടിവെള്ള പദ്ധതി

ചെലവ്- 8,14,470 രൂപ (തനതു ഫണ്ട്)

ബി) പ്രോജക്ട് നം 226- ഷേണികട്ടത്തമനെ ഫൂട്ട് ബ്രിഡ്ജ് റിപ്പയർ

ചെലവ്- 3,29,144 രൂപ (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

(സി) പ്രോജക്ട് നം 40/19- അഡ്ക്ക- കജെക്കാർ-ഷേഡിമൂല-പള്ളത്തടുക്ക റോഡ് പുനരുദ്ധാരണം

ചെലവ്- 4,64,470 രൂപ (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

ഡി) പ്രോജക്ട് നം 240/2019- ഖദേരി പൂക്കര റോഡ് ടാറിംഗ്

ചെലവ്- 4,84,396 രൂപ (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

(ഇ) പ്രോജക്ട് നം 242- ബജക്കരെ മിത്തൂർ റോഡ് ടാറിംഗ്

ചെലവ്- 5,42,035 രൂപ (മെയിന്റനൻസ് ഫണ്ട് റോഡ്)

(എഫ്) പ്രോജക്ട് നം 221/2019- ബജകൂഡ്ലു ഖണ്ഡികെ റോഡ് റീ ടാറിംഗ്

ചെലവ്- 12,99,349 (മെയിന്റനൻസ് ഫണ്ട് റോഡ്)

2. 2018-19 വർഷം നടപ്പിലാക്കിയ മിക്ക പ്രവൃത്തികളുടെയും എസ്റ്റിമേറ്റുകൾ അപൂർണമാണ്. എസ്റ്റിമേറ്റിന്റെ ഭാഗമായിരിക്കേണ്ട ലൊക്കേഷൻ/സൈറ്റ് മാപ്പ്, സ്കെച്ചുകൾ, ഡ്രോയിങ്ങുകൾ, എക്സ്ട്രാ ഇനങ്ങളായി ഉൾപ്പെടുത്തുന്ന ഇനങ്ങളുടെ ഡാറ്റ എന്നീ രേഖകൾ ഒരു എസ്റ്റിമേറ്റിനൊപ്പവും ഫയലിൽ ഉൾക്കൊള്ളിച്ചിട്ടില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1. പ്രോജക്ട് നം 233- ഖണ്ഡികെ കൊങ്കണിശാല എസ്.ടി കോളനി കുടിവെള്ള പദ്ധതി

2.പ്രോജക്ട് നം 226- ഷേണികട്ടത്തമനെ ഫൂട്ട് ബ്രിഡ്ജ് റിപ്പയർ

3.പ്രോജക്ട് നം 40/19- അഡ്ക്ക- കജെക്കാർ-ഷേഡിമൂല-പള്ളത്തടുക്ക റോഡ് പുനരുദ്ധാരണം

4. പ്രോജക്ട് നം 242- ബജക്കരെ മിത്തൂർ റോഡ് ടാറിംഗ്

3. റോഡ് നിർമാണപ്രവൃത്തികൾ/ ടാറിംഗ്, റീടാറിംഗ് പ്രവൃത്തികൾ- ചെയിനേജ് രേഖപ്പെടുത്തുന്നില്ല-

2018-19 വർഷം നടത്തിയ റോഡ് പ്രവൃത്തികളിൽ ചില പ്രവൃത്തികളുടെ എസ്റ്റിമേറ്റിലോ എം ബുക്കിലോ മറ്റേതെങ്കിലും രേഖകളിലോ പ്രവൃത്തി നടപ്പിലാക്കാനുദ്ദേശിക്കുന്ന ചെയിനേജ് രേഖപ്പെടുത്തിയിട്ടില്ല എന്ന് കാണുന്നു. റോഡിലെ ഏതു ചെയിനേജിലാണ് ഈ പ്രവൃത്തി ചെയ്തിട്ടുള്ളത് എന്ന് യാതൊരു വിധത്തിലും മനസ്സിലാക്കാനാവുന്നില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1. പ്രോജക്ട് നം 229/2019- കുണ്ടാപ്പു സാലെത്തടുക്ക റോഡ് ടാറിംഗ്

2. പ്രോജക്ട് നം 240/2019- ഖദേരി പൂക്കര റോഡ് ടാറിംഗ്

3. പ്രോജക്ട് നം 242- ബജക്കുരെ മിത്തൂർ റോഡ് ടാറിംഗ്

4. മരാമത്ത് പ്രവൃത്തികളുടെ മോണിറ്ററിംഗ് നടന്നതായി കാണുന്നില്ല-

2018-19വർഷം നടപ്പിലാക്കിയ പ്രവൃത്തികളിൽ മിക്ക പ്രവൃത്തികളുടെ ഫയലുകളിലും മോണിറ്ററിങ് കമ്മിറ്റിയുടെ റിപ്പോർട്ട് ഉൾക്കൊള്ളിച്ചിട്ടില്ല. പ്രവൃത്തിയുടെ ഒരു ഘട്ടത്തിലും മോണിറ്ററിംങ്ങിന് നിയുക്തരായ കമ്മിറ്റിയുടെ ഇടപെടലുകൾ ഉണ്ടായിട്ടില്ല എന്ന് അനുമാനിക്കുന്നു.

മിക്ക പ്രവൃത്തികളുടെ ഫയലുകളിലും പ്രവൃത്തിയുടെ പൂർത്തീകരണ സാക്ഷ്യപത്രങ്ങൾ ഉൾക്കൊള്ളിച്ചിട്ടില്ല. പൂർത്തീകരണ സാക്ഷ്യപത്രങ്ങളുടെയും മോണിറ്ററിംഗ് കമ്മിറ്റിയുടെ സാക്ഷ്യപത്രങ്ങളുടെയും അഭാവത്തിൽ പ്രവൃത്തികളുടെ അന്തിമ പേമെന്റുകൾ നടത്തിയത് ശരിയല്ല.

ഉദാ-

1. പ്രോജക്ട് നം 221/2019- ബജകുഡ്ലു ഖണ്ഡികെ റോഡ് റീ ടാറിംഗ്

1. പ്രോജക്ട് നം 229/2019- കുണ്ടാപ്പു സാലെത്തടുക്ക റോഡ് ടാറിംഗ്

2. പ്രോജക്ട് നം 240/2019- ഖദേരി പൂക്കര റോഡ് ടാറിംഗ്

3. പ്രോജക്ട് നം 242- ബജക്കുരെ മിത്തൂർ റോഡ് ടാറിംഗ്

5. ക്യാഷ് ബുക്ക് അപൂർണം-

ക്യാഷ് ബുക്ക് എഴുതാൻ ടി.ആർ 7 എ മാതൃകയിലുള്ള രജിസ്റ്റർ ഉപയോഗിച്ചിട്ടുണ്ടെങ്കിലും രജിസ്റ്ററിലെ കോളങ്ങൾ പൂരിപ്പിക്കാതെ പ്രവൃത്തിയുടെ പേര്, ഗ്രോസ് തുക, നെറ്റ് തുക, റിക്കവറി തുകകൾ എന്നിവ നിരത്തി എഴുതിയതായി കാണുന്നു. കൂടാതെ തനതു ഫണ്ടിൽ നിന്ന് പഞ്ചായത്ത് സെക്രട്ടറി നൽകിയ തുകകൾ, അവയുടെ വിതരണം, തനതു ഫണ്ട് പ്രവൃത്തികളുടെ റിക്കവറി തുകകളുടെ വിവരങ്ങൾ എന്നിവ ക്യാഷ് ബുക്കിൽ എഴുതിയിട്ടില്ല.

ക്യാഷ്ബുക്കിൽ ചെലവുകൾക്ക് വൗച്ചർ നമ്പർ രേഖപ്പെടുത്തിയിട്ടില്ല. വൗച്ചറുകളിലും ക്രമ നമ്പർ രേഖപ്പെടുത്തിയിട്ടില്ല.

6. പ്രവൃത്തികളുടെ പേമെന്റിനായി ട്രഷറിയിൽ സമർപ്പിക്കുന്ന ബില്ലുകളുടെ ഓഫീസ് പകർപ്പുകൾ ഫയലിൽ ഉൾക്കൊള്ളിക്കുന്നില്ല-

പേമെന്റിനായി ട്രഷറിയിൽ സമർപ്പിക്കുന്ന, ജി.ഒ(പി)നം.46/2006/fin, തിയതി 04.04.2016 പ്രകാരമുള്ള TR-59(E) മാതൃകയിലുള്ള ബില്ലുകളുടെയും ജി.ഒ (പി)നം.177/2006/fin, തിയതി 12.04.2006 ലെ ഖണ്ഡിക 5.2 പ്രകാരമുള്ള അനുമതി പത്രം എന്നിവയുടെ ഓഫീസ് പകർപ്പുകൾ മിക്ക പ്രവൃത്തികളുടെയും ഫയലുകളിൽ സൂക്ഷിച്ചിട്ടില്ല.

7. തനതു ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തികളുടെ റിക്കവറി തുകകൾ അടച്ചതിന്റെ രേഖകൾ ഇല്ല-

തനതു ഫണ്ട് പ്രവൃത്തികൾ ഉപയോഗിച്ച് നടപ്പിലാക്കിയ പ്രവൃത്തികളുടെ ഗ്രോസ് തുകകൾ ചെക്ക് മുഖേന പഞ്ചായത്ത് സെക്രട്ടറി അസിസ്റ്റന്റ് എഞ്ചിനീയർക്ക് കൈമാറിയിട്ടുണ്ടെങ്കിലും പ്രവൃത്തികളുടെ ബില്ലുകളിൽ നിന്ന് കുറവ് ചെയ്യേണ്ട ആദായ നികുതി, ജി.എസ്.ടി, നിർമാണ തൊഴിലാളി ക്ഷേമനിധി വിഹിതം എന്നിവ അതാത് സ്ഥാപനങ്ങളിൽ അടച്ചതിന്റെ രേഖകൾ ഫയലുകളിൽ ഇല്ല.

8. വിവിധ പ്രവൃത്തികളുടെ ബില്ലുകളിൽ നിന്ന് ജി.എസ്.ടി കുറവ് ചെയ്ത് അടച്ചിട്ടുണ്ട്. എന്നാൽ പ്രവൃത്തികളുടെ കരാറുകാർക്ക് GSTR 7A ഫോമിലുള്ള Tax deduction at source സർട്ടിഫിക്കറ്റ് അസിസ്റ്റന്റ് എഞ്ചിനീയർ നൽകിയിട്ടില്ല. ജി.എസ്.ടി തുക സർക്കാരിൽ അടച്ച് 5 ദിവസങ്ങൾക്കകം ഈ സർട്ടിഫിക്കറ്റ് നൽകാത്ത പക്ഷം പ്രതിദിനം 100 രൂപ പിഴ നൽകാൻ ജി.എസ്.ടി കുറവ് ചെയ്ത വ്യക്തി ബാദ്ധ്യസ്ഥനാണ്.

9. പ്രത്യേക ഘടക പദ്ധതി ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തികളുടെ ഫയലുകളിൽ സാമൂഹ്യ ഭൂപടം ഉൾക്കൊള്ളിച്ചിട്ടില്ല.

2018-19 ൽ പ്രത്യേക ഘടക പദ്ധതി ഫണ്ട് ഉപയോഗിച്ച് പട്ടികജാതി കോളനികളിൽ 2 പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്. (പ്രോജക്ട് നം 88- ബാബിലിമൂല എസ്.സി കോളനി റോഡ് ടാറിംഗ്, 216- കരെടുക്ക എസ്.സി കോളനിയിൽ ബോർവെൽ നിർമാണം). ആകെ 4 ലക്ഷം രൂപ ചെലവ് ചെയ്തിട്ടുണ്ട്. എന്നാൽ ഈ പ്രോജക്ടുകളുടെ ഫയലുകളിൽ സോഷ്യൽ മാപ്പുകൾ ഉൾപ്പെടുത്തിയിട്ടില്ല. പ്രോജക്ടുകൾ നടപ്പിലാക്കുന്നതു വഴി ഗുണം ലഭിക്കുന്ന പ്രദേശങ്ങൾ മാർക്ക് ചെയ്ത് പട്ടികജാതി വികസന വകുപ്പിലെ ഉദ്യോഗസ്ഥർ തയ്യാറാക്കുന്ന ഭൂപടങ്ങളുടെയും സാക്ഷ്യപത്രങ്ങളുടെയും അഭാവത്തിൽ പ്രത്യേക ഘടക പദ്ധതി ഫണ്ട് ചെലവ് ചെയ്തത് ശരിയല്ല.

ഇതു കൂടാതെ പഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നും 8.14 ലക്ഷം രൂപ ചെലവിട്ട് നടപ്പിലാക്കിയ പ്രോജക്ട് നം. 233- ഖണ്ഡികെ കൊങ്കണിശാല എസ്.ടി കോളനി കുടിവെള്ള പദ്ധതി എന്ന പ്രോജക്ടിലും സോഷ്യൽ മാപ്പ് തയ്യാറാക്കിയിട്ടുള്ളതായി കാണുന്നില്ല.

10. ബിറ്റുമിനസ് ഇനങ്ങളുടെ ഒറിജിനൽ ഇൻവോയ്സുകൾ കൈപ്പറ്റാതെ പേമെന്റുകൾ നടത്തി-

സർക്കാർ ഉത്തരവ് നം.(സാധാ)3049/2016/തസ്വഭവ, തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 03.11.2016 ലെ സർക്കുലർ നം.D2013/CE/LSGD എന്നിവ പ്രകാരം റോഡ് പണികൾക്കുള്ള ടാർ കരാറുകാരൻ വാങ്ങുന്ന സംഗതിയിൽ ടാറിന്റെ ഒറിജിനൽ ഇൻവോയ്സ് കർശനമായും സമർപ്പിച്ചിരിക്കേണ്ടതാണ്. എന്നാൽ 2018-19 ൽ നടപ്പിലാക്കിയ ചില പ്രവൃത്തികളിൽ ബിറ്റുമിനസ് ഇനങ്ങളുടെ ഒറിജിനൽ ഇൻവോയ്സുകൾ കരാറുകാരിൽ നിന്നും കൈപ്പറ്റാതെ പ്രവൃത്തികളുടെ നിർവഹണം നടത്തിയതായി കാണുന്നു. പ്രവൃത്തികളുടെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം | പ്രോജക്ട് നം, പ്രവൃത്തിയുടെ പേര് | കരാറുകാരൻ | ചെലവ് |
|---|---|---|---|
| 1 | പ്രോജക്ട് നം 229/2019- കുണ്ടാപ്പ സാലെത്തടുക്ക റോഡ് ടാറിംഗ് | ജി.മുഹമ്മദ് | 5,34,730 (മെയിന്റനൻസ് ഫണ്ട് റോഡ്)<br>ബിൽനം. 17/30.06.2018 |
| 2 | പ്രോജക്ട് നം 240/2019- ഖദേരി പൂക്കര റോഡ് ടാറിംഗ് | ജി.മുഹമ്മദ് | 4,84,396 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)<br>ബിൽനം. 18/30.06.2018 |
| 3 | പ്രോജക്ട് നം 242- ബജക്കരെ മിത്തൂർ റോഡ് ടാറിംഗ് | ഹസൈനാർ.പി | 5,42,035 (മെയിന്റനൻസ് ഫണ്ട് റോഡ്)<br>ബിൽനം. 20/10.08.2018 |
| 4 | പ്രോജക്ട് നം 221/2019- ബജകൂഡ്ലു ഖണ്ഡികെ റോഡ് റീ ടാറിംഗ് | എം.മൂസ | 12,99,349<br>(മെയിന്റനൻസ് ഫണ്ട് റോഡ്)<br>ബിൽനം. 21/10.08.2018 |
| 5 | പ്രോജക്ട് നം 180/2019- കുറവടുക്ക നടുവയക്ക് ബെദ്രംപള്ള റോഡ് നവീകരണം | എസ്.മുഹമ്മദ് | 9,55,631<br>(മെയിന്റനൻസ് ഫണ്ട് റോഡ്)<br>ബിൽനം. 31/26.12.2018 |
| | | | |

| | | | |
|---|---|---|---|
| 6 | പ്രോജക്റ്റ് നം 175/2019- യെൽക്കാന ഷേണി റോഡ് നവീകരണം | ഹസൈനാർ.പി | 5,58,809<br>(മെയിന്റനൻസ് ഫണ്ട് റോഡ്)<br>ബിൽനം. 37/26.12.2018 |

11) ആസ്തി രജിസ്റ്റർ അപൂർണം-

പഞ്ചായത്തിന്റെ ആസ്തി രജിസ്റ്റർ അപൂർണമാണ്. സചിത്ര സോഫ്റ്റ് വെയറിൽ കാലങ്ങളായി ക്രമീകരണങ്ങളും അപ്ഡേഷനും നടത്തിയിട്ടില്ല. എഴുതി സൂക്ഷിച്ചിരുന്ന ആസ്തി രജിസ്റ്ററിലെ വിവരങ്ങളും കാലഹരണപ്പെട്ടിരിക്കുകയാണ്.

12) വെറ്റ് മിക്സ് മെക്കാഡം ലെവൽ അളവ് ചീഫ് ടെക്നിക്കൽ എക്സാമിനർക്ക് റിപ്പോർട്ട് ചെയ്തതായി കാണുന്നില്ല-

2018-19 വർഷം നടത്തിയ റോഡ് നിർമാണ പ്രവൃത്തികളിൽ ചിലതിൽ വലിയ അളവിൽ മൾട്ടി ലെയർ പേവ്മെന്റ് നിർമിച്ചതായി കാണുന്നു. എന്നാൽ വെറ്റ് മിക്സ് മെക്കാഡം നടത്തി നിർമിച്ച ഈ പേവ്മെന്റുകളുടെ ലെവൽ അളവുകൾ ചീഫ് ടെക്നിക്കൽ എക്സാമിനർക്ക് റിപ്പോർട്ട് ചെയ്തതായി കാണുന്നില്ല. ചീഫ് ടെക്നിക്കൽ എക്സാമിനർ എൽ.എസ്.ജി.ഡി ചീഫ് എഞ്ചിനീയർക്ക് 07.05.2018 ന് അയച്ച No.Insp-Tech-2/36/2018-Fin കത്തിൽ വെറ്റ് മിക്സ് മെക്കാഡം ചെയ്തതിന്റെ അളവ് കാണാനും പ്രവൃത്തി സൈറ്റിൽ ചെയ്തുവെന്ന് ഉറപ്പു വരുത്താനും റോഡിന്റെ ഇനിഷ്യൽ, ഫൈനൽ ലെവലുകൾ രേഖപ്പെടുത്തേണ്ടത് അത്യാവശ്യമാണെന്നും വെറ്റ് മിക്സ് മെക്കാഡം ലെവലുകൾ പ്രവൃത്തിയുടെ അളവ് കണക്കാക്കാതെ ചീഫ് ടെക്നിക്കൽ എക്സാമിനർക്ക് റിപ്പോർട്ട് ചെയ്തിരിക്കണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ 28.12.2015 ലെ സർക്കാർ ഉത്തരവ് നം (പി) 590/2015/fin പ്രകാരം മൾട്ടി ലെയർ പേവ്മെന്റുകളുടെ ലെവൽ റിപ്പോർട്ട് ചെയ്യുന്നതിനുള്ള മാതൃകകൾ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ, ഒരു പ്രവൃത്തിയുടെ ഫയലിലും പേവ്മെന്റുകളുടെ ലെവൽ അളവുകൾ ചീഫ് ടെക്നിക്കൽ എക്സാമിനർക്ക് റിപ്പോർട്ട് ചെയ്തതിന്റെ രേഖകൾ ഉൾക്കൊള്ളിച്ചിട്ടില്ല. ഏതാനും ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്റ്റ് നം, പ്രോജക്റ്റിന്റെ വിശദാംശങ്ങൾപ്രോജക്റ്റ് നം 240/2019- ഖദേരി പൂക്കര റോഡ് ടാറിംഗ് | വെറ്റ് മിക്സ് മെക്കാഡം അളവ് | എം.ബുക്ക് നം, പേജ് നം |
|---|---|---|---|
| 1 | പ്രോജക്റ്റ് നം 240/2019- ഖദേരി പൂക്കര റോഡ് ടാറിംഗ് | 102.30 cum | 108/18, പേജ് 3, 11 |
| 2 | പ്രോജക്റ്റ് നം 242- ബജക്കുരെ മിത്തൂർ റോഡ് ടാറിംഗ് | 98.23 cum | 101/18, പേജ് 1,2, 11 |
| 3 | പ്രോജക്റ്റ് നം 221/2019- ബജകുഡ്ലു ഖണ്ഡികെ റോഡ് റീ ടാറിംഗ് | 187.01 cum | 114/18, പേജ് 6, 22 |

# 1-17 ഓവ്രഹെഡ് ചാർജ്- സർക്കാർ നിബന്ധന പാലിച്ചിട്ടില്ല- നഷ്ടം

29.02.2016 ലെ സ.ഉ.(പി.) നം. 30/2016/ധന. പ്രകാരം ഗുണഭോക്തൃ കമ്മിറ്റികൾ മുഖേന നിർവ്വഹണം നടത്തുന്ന പൊതുമരാമത്ത് പ്രവൃത്തികൾക്ക് 7.5% ഓവർഹെഡ് ചാർജ്ജ് അനുവദിക്കാവുന്നതാണ്. എന്നാൽ MoRD/MoRTH സ്പെസിഫിക്കേഷൻ പ്രകാരം PRICE സോഫ്റ്റ് വെയറിൽ തയ്യാറാക്കിയ ചില പ്രവൃത്തികളുടെ എസ്റ്റിമേറ്റുകളിൽ 10% ഓവർഹെഡ് ചാർജ്ജ് അനുവദിച്ചിരിക്കുന്നതായി കാണുന്നു. PRICE സോഫ്റ്റ് വെയർ പ്രകാരമുള്ള ഓവർഹെഡ് ചാർജ്ജ് സർക്കാർ നിശ്ചയിച്ച ഓവർ ഹെഡ് ചാർജ്ജിനേക്കാളും കൂടുതലായതിനാൽ ഇക്കാര്യത്തിൽ 14.12.2016 ലെ സർക്കാർ കത്ത് നമ്പർ Ind&PW-B2/266/2016/Fin. പ്രകാരം ഗുണഭോക്തൃ കമ്മിറ്റികൾ മുഖേന നിർവ്വഹണം നടത്തുന്ന പ്രവൃത്തികൾക്ക് 7.5% നിരക്കിൽ തന്നെയാണ് ഓവർഹെഡ് ചാർജ്ജ് അനുവദിക്കേണ്ടതെന്ന് സ്പഷ്ടീകരണം നൽകുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 29.12.2016 ലെ DB3-6512(B)/2013/CE/L.S.G.D. നമ്പർ സർക്കുലർ പ്രകാരം MoRD/MoRTH സ്പെസിഫിക്കേഷൻ ഉപയോഗിച്ച് ഗുണഭോക്തൃ കമ്മിറ്റികൾ മുഖേന നടപ്പാക്കുന്ന പ്രവൃത്തികളുടെ വർക്ക് ബിൽ തുകയിൽ നിന്നും ഓവർ ഹെഡ് ചാർജ്ജിന്റെ 7.5% കഴിച്ചുള്ള തുക തിരികെ പിടിക്കേണ്ടതാണെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ

ഗുണഭോക്തൃ സമിതികൾ മുഖേന നിർവ്വഹണം നടത്തുന്ന പ്രവൃത്തികൾക്ക് 7.5% ഓവർഹെഡ് ചാർജ്ജ് മാത്രമേ അനുവദിക്കുകയുള്ളൂ എന്നത് സംബന്ധിച്ച് സപ്ലിമെന്ററി ഉടമ്പടി വെക്കേണ്ടതാണെന്നും മേൽ സർക്കുലറിൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ 2016-17 സാമ്പത്തിക വർഷം ഗ്രാമ പഞ്ചായത്ത് ഗുണഭോക്തൃ സമിതികൾ മുഖേന നിർവ്വഹണം നടത്തിയ താഴെ പറയുന്ന റോഡ് പ്രവൃത്തിയുടെ അന്തിമ ബിൽ തയ്യാറാക്കുമ്പോൾ മേൽ നിർദ്ദേശം പാലിച്ചിട്ടില്ല. ഗുണഭോക്തൃ സമിതി മുഖേന നിർവ്വഹണം നടത്തിയ ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് PRICE സോഫ്റ്റ് വെയറിൽ MoRD സ്പെസിഫിക്കേഷൻ പ്രകാരമാണ് തയ്യാറാക്കിയിരിക്കുന്നത്. ഈ പ്രവൃത്തിക്ക് അനുവദിച്ചിരിക്കുന്ന ഓവർ ഹെഡ് ചാർജ്ജ് 10% ആണ്. അന്തിമ ബില്ലിൽ ഓവർഹെഡ് ചാർജ്ജ് 7.5% ആയി പരിമിതപ്പെടുത്താത്തതിനാൽ താഴെ വിവരിക്കും പ്രകാരം 10,737 രൂപയുടെ അധിക ചെലവുണ്ടായിട്ടുണ്ട്.

| പ്രവൃത്തിയുടെ വിവരങ്ങൾ | | കൺവീനർക്ക് നൽകിയ തുകയുടെ വിവരങ്ങൾ | | | പ്രവൃത്തിക്ക് നൽകേണ്ടിയിരുന്ന തുക | | അധിക ചെലവ് |
|---|---|---|---|---|---|---|---|
| പ്രൊജക്റ്റിന്റെ വിശദാംശങ്ങൾ | | ട്രഷറി ബിൽ നമ്പർ/ തീയ്യതി | ആകെ തുക (₹) | കൺവീനർക്ക് നൽകിയ തുക (₹) | | | |
| പ്രൊജക്ട് നമ്പർ | പ്രൊജ. നം.208/19 | 4/18-19 തീയതി 19.05.2018 | 4,72,445 | 4,58,272 | ആകെ അളവു മൂല്യം (10% OH അടക്കം) | 4,72,445 | 10,737 |
| പ്രൊജക്റ്റിന്റെ പേര് | സർപ്പമലെ മുണ്ട കുഡ്ലു റോഡ് ബി.ടി വർക്ക് | | | | 7.5% OH പ്രകാരം വേണ്ട ആകെ അളവുമൂല്യം | 4,61,708 | |
| എസ്റ്റിമേറ്റ് & ടി.എസ്. നമ്പർ | ₹ 4,75,000/- എസ്റ്റിമേറ്റ് നം- 2017/56672 ടി.എസ്. നം. 42079/2017-18- തീ. 31.07.2017 | ആകെ | 4,72,445 | | ട്രഷറിയിൽനിന്നും പിൻവലിക്കേണ്ടിയിരുന്ന തുക | 4,61,708 | |
| കൺവീനറുടെ പേര് | ദയാനന്ദ കുലാൽ.കെ | | | | ട്രഷറിയിൽ നിന്നും പിൻവലിച്ച തുക | 4,72,445 | |
| എഗ്രിമെന്റ് നമ്പർ | നം.52/AE/LSGD/EMJ/2017-18 തിയതി 08.02.2018 | | | | | | |
| എം. ബുക്ക് നമ്പർ | 95/18 | | | | | | |
| ആകെ അളവുമൂല്യം | 4,72,445 | | | | | | |

മേൽ അപാകതകൾക്ക് ഓഡിറ്റ് എൻക്വയറി നം 3, തിയതി 11.11.2019 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി നൽകിയിട്ടില്ല. ആയതിനാൽ പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം പ്രവൃത്തിയുടെ അന്തിമ ബിൽ തുക നൽകിയ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-18 റോഡ് വികസന പ്രവൃത്തി- ഫയൽ ഹാജരാക്കിയിട്ടില്ല.

പ്രോജക്ട് നം 214/19- ഉണ്ടിയടുക്ക അപ്പയ്യമൂലെ ശിവഗിരി സ്വർഗ റോഡ് വികസനം

ഫണ്ട്- 62,32,996 രൂപ (പൊതു വിഭാഗം വികസന ഫണ്ട്)

ചെലവ്- 59,55,632 രൂപ (ബിൽ നം 65, തിയതി 16.03.2019)

ഈ പ്രവൃത്തിയുടെ ഫയലും മറ്റു രേഖകളും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ഈ രേഖകൾ കേസന്വേഷണത്തിന്റെ ഭാഗമായി ബദിയടുക്ക പോലീസ് സ്റ്റേഷനിലെ അസി.പോലീസ് സബ് ഇൻസ്പെക്ടർ 06.11.2019 ന് സീഷർ മഹസർ പ്രകാരം കൈപ്പറ്റിയിട്ടുള്ളതായി അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. മഹസ്സറിന്റെ പകർപ്പും ഹാജരാക്കിയിട്ടുണ്ട്. ഈ രേഖകൾ തിരികെ കൈപ്പറ്റുന്ന മുറയ്ക്ക് ഓഡിറ്റ് പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.

## 1-19 വെറ്റി.സർജൻ നിർവ്വഹണം നടത്തിയ പ്രോജക്ടുകളിലെ ന്യൂനതകൾ-

(1) ആട് വളർത്തൽ പദ്ധതി (ജനറൽ) -

പ്രോജക്ട് നം 61/19-

ചെലവ്- 1,00,000 (വി.ഫണ്ട്) + 1,00,000 (ഗു.വി) – ആകെ 2,00,000 രൂപ.

| ബിൽ നം/തീയതി | തുക |
|---|---|
| 1/2018-19/ 11-11-2018 | 10,000 |
| 3/2018-19/ 11-11-2008 | 10,000 |
| 7/2018-19/ 11-11-2018 | 20,000 |
| 9/2018-19/ 24-01-2019 | 10,000 |
| 13//2018-19/ 28-2-2019 | 30,000 |
| 18/2018-19/ 06-03-2019 | 20,000 |
| ആകെ | 1,00,000 |

മുകളിൽ കാണിച്ചത് പ്രകാരം 1,00,000 രൂപ 10 ഗുണഭോക്താക്കൾക്ക് ആട് വിൽപ്പന നടത്തിയവർക്ക് നൽകിയിട്ടുണ്ട്. യൂണിറ്റ് കോസ്റ്റ് 20,000 രൂപ. ഒരു യൂണിറ്റിൽ 10,000 രൂപയുടെ 2 ആടുകൾ ഉൾപ്പെടുന്നു. ഗുണഭോക്തൃ വിഹിതം 10,000 രൂപ. ഈ പദ്ധതിയുടെ അപാകതകൾ താഴെ നൽകുന്നു

(എ) ഈ പദ്ധതിയുടെ അംഗീകരിച്ച ഗുണഭോക്തൃ പട്ടിക പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

(ബി) ബാലകൃഷ്ണ കാട്ടുകക്കെ, ശുക്രിയ, നടുബൈൽ എന്ന 2 ഗുണഭോക്താക്കളുടെ കരാർ ഉടമ്പടി പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

(സി) ഉരുക്കളുടെ ഇനം, വാല്യുവേഷൻ, സാക്ഷ്യപത്രം, പർച്ചേസ് കമ്മറ്റി റിപ്പോർട്ട്, മിനുട്ട്സ്, മോണിറ്ററിങ്ങ് റിപ്പോർട്ട് ഓഡിറ്റിനു ഹാജരാക്കിയിട്ടില്ല.

(2) ആട് വളർത്തൽ പദ്ധതി - പട്ടിക ജാതി വനിതകൾക്ക്-

പ്രോജക്ട് നം 66/19-

2018-19 വർഷത്തെ സുലേഖ ചെലവ് പത്രിക പ്രകാരം ഈ പദ്ധതിയുടെ ചെലവ് 40,000 രൂപയാണ്. എന്നാൽ യഥാർത്ഥ ചെലവ് 20,000 രൂപ മാത്രമാണ്. ബിൽ നം 4/2018-19 തീയതി 11-11-2018 പ്രകാരം 15,000 രൂപയും, ബിൽ നം 5/2018-19തിയതി 11-11-2018 പ്രകാരം 15,000 രൂപയും മൊത്തം 30,000 രൂപ രണ്ട് ഗുണഭോക്താക്കൾക്ക് ആടുകളെ വിൽപ്പന നടത്തിയവർക്ക് നൽകിയിട്ടുണ്ട് (ഒരാൾക്ക് 15,000 രൂപ വീതം). 10,000 രൂപ ഗുണഭോക്തൃ വിഹിതവും (ഒരാൾ 5,000 രൂപ വീതം) 2 ഗുണഭോക്താക്കൾ നൽകിയിട്ടുണ്ട്.മൊത്തം 40,000 രൂപയാണ് സുലേഖ

ചെലവ് പത്രിക പ്രകാരം ഈ പദ്ധതിയുടെ ചെലവ്. അതിനു ശേഷം പദ്ധതി ചെലവ് മൊത്തം 20,000 രൂപയായി കുറച്ചിട്ടുണ്ട്. ഒരാൾക്ക് 10,000 രൂപ വീതം (5,000 രൂപ വികസന ഫണ്ട് + 2,500 രൂപ ഗുണഭോക്തൃ വിഹിതം). 2 ഗുണഭോക്താക്കൾക്ക് ആടുകളെ വിൽപ്പന നടത്തിയവർ ഒരാൾ 5,000 രൂപ വീതം 10,000 രൂപ തിരികെ പഞ്ചായത്തിൽ ഒടുക്കിയിട്ടുണ്ട്. 10,000 രൂപ ഗുണഭോക്തൃ വിഹിതത്തിൽ മൊത്തം 5,000 രൂപ (ഒരാൾക്ക് 2,500 രൂപ വീതം) തിരികെ രണ്ട് ഗുണഭോക്താക്കൾക്ക് നൽകിയിട്ടുണ്ട്. ബാക്കി 5,000 രൂപ എസ്.സി.പി ഫണ്ടിലേക്ക് അഡ്ജസ്റ്റ് ചെയ്തിട്ടുണ്ട്. 10,000 രൂപ തിരികെ ഒടുക്കിയതും 5,000 രൂപ ഗുണഭോക്തൃ വിഹിതവും മൊത്തം 15,000 രൂപ കൂടുതലായി ചെലവ് ചെയ്ത തുക പഞ്ചായത്തിൽ അടവാക്കിയിട്ടുണ്ട്.ഈ പദ്ധതിയുടെ അപാകതകൾ താഴെ നൽകുന്നു.

(എ) 15,000 രൂപ സർക്കാരിലേക്ക് തിരികെ അടവാക്കിയതിന്റെ രേഖ ഓഡിറ്റിനു ഹാജരാക്കിയിട്ടില്ല.

(ബി) ഉരുക്കളുടെ ഇനം, വാല്യുവേഷൻ, സാക്ഷ്യപത്രം, പർച്ചേസ് കമ്മറ്റി റിപ്പോർട്ട്, മിനുട്ട്സ്, മോണിറ്ററിങ്ങ് റിപ്പോർട്ട് എന്നിവ ഓഡിറ്റിനു ഹാജരാക്കിയിട്ടില്ല.

(3) <u>ആട് വളർത്തൽ പദ്ധതി - പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്-</u>

ചെലവ് 2,00,000 രൂപ , 10,000 രൂപ പ്രകാരം 20 ഗുണഭോക്താക്കൾക്ക് നൽക്കിയിട്ടുണ്ട്.

| ബിൽ നം/തീയതി | തുക |
|---|---|
| 3/18-19/ 11-11-2019 | 10,000 |
| 12/18-19/28-02-2019 | 80,000 |
| 15/18-19/28-02-2019 | 20,000 |
| 16/18-19/16-03-2019 | 10,000 |
| 17/18-19/16-03-2019 | 20,000 |
| 19/18-19/16-03-2019 | 30,000 |
| 22/18-19/20-03-2019 | 20,000 |
| 23/18-19/28-03-2019 | 10,000 |
| ആകെ | 2,00,000 |

ഈ പദ്ധതിയുടെ അപാകതകൾ താഴെ നൽകുന്നു.

(എ) ഈ പദ്ധതിയുടെ അംഗീകരിച്ച ഗുണഭോക്തൃ പട്ടിക പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

(ബി) കമല വാർമുടി, കമല പൈസാരി, സുമതി ബെദ്രംപള്ള എന്ന 3 ഗുണഭോക്താക്കളുടെ കരാർ ഉടമ്പടി പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

(സി) 19 അപേക്ഷ മാത്രമാണ് ഓഡിറ്റിനു ലഭിച്ചത്, ഒരു ഗുണഭോക്താവിന്റെ അപേക്ഷ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

(ഡി) ഉരുക്കളുടെ ഇനം, വാല്യുവേഷൻ, സാക്ഷ്യപത്രം, പർച്ചേസ് കമ്മറ്റി റിപ്പോർട്ട്, മിനുട്ട്സ്, മോണിറ്ററിങ്ങ് റിപ്പോർട്ട് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

(4) <u>പശുക്കിടാവ് വിതരണം പദ്ധതി -</u>

പ്രോജക്ട് നം 153/19-

ചെലവ് 84,000+84,000(ഗു .വി)-1,68,000

| ബിൽ നം/തീയതി | തുക |
|---|---|
| 2/18-19/11-11-19 | 6,000 |
| 6/18-19/11-11-19 | 6,000 |

| | |
|---|---|
| 11/18-1/24-01-19 | 12,000 |
| 10/18-19/13-02-19 | 24,000 |
| 12/18-19/28-02-19 | 30,000 |
| 20/18-19/16-03-19 | 6,000 |
| ആകെ | 84,000 |

12,000 രൂപ പ്രകാരം 14 ഗുണഭോക്താക്കൾക്ക് പശുക്കളെ വിൽപ്പന നടത്തിയവർക്ക് നൽകിയിട്ടുണ്ട്.ഈ പദ്ധതിയുടെ അപാകതകൾ താഴെ നൽകുന്നു.

(എ) ഈ പദ്ധതിയുടെ അംഗീകരിച്ച ഗുണഭോക്തൃ പട്ടിക പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

(ബി) ഉരുക്കളുടെ ഇനം, വാല്യുവേഷൻ, സാക്ഷ്യപത്രം, പർച്ചേസ് കമ്മറ്റി റിപ്പോർട്ട്, മിനുട്ട്സ്, മോണിറ്ററിങ്ങ് റിപ്പോർട്ട് എന്നിവ ഓഡിറ്റിനു ഹാജരാക്കിയിട്ടില്ല.

(സി) ഉരുക്കളെ വാങ്ങുന്ന നടപടികൾ പർച്ചേസിങ്ങ് കമ്മിറ്റി നേരിട്ട് നടത്തിക്കാണുന്നില്ല. വികസന സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർമാൻ അദ്ധ്യക്ഷനായും, വെറ്ററനറി സർജ്ജൻ കൺവീനറും 5ഗുണഭോക്താക്കൾ അംഗങ്ങളുമായുള്ള പർച്ചേസിങ്ങ് കമ്മിറ്റി പഞ്ചായത്ത് തല പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ അംഗീകാരത്തോടുകൂടി ഉരുക്കളുടെ വാങ്ങൽ നടപടികൾ നിർവ്വഹിക്കണം എന്ന പതിമൂന്നാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. മുകളിൽ സൂചിപ്പിച്ച കാരണങ്ങളാൽ ചെലവ് തുക 3,99,000 ( 1,00,000+15,000+2,00,000+84,000) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഈ അപാകതകൾ ഓഡിറ്റ് അന്വേഷണം നം 6 തീയതി 13-11-2019 പ്രകാരം വെറ്റി.സർജന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടെങ്കിലും മറുപടി നൽക്കിയിട്ടില്ല.

# 1-20 പാലിനു സബ്സിഡി-അപാകതകൾ

(എ) കാഷ് ബുക്ക് TR 7A എഴുതിയിട്ടില്ല-

ഡയറി എക്സ്റ്റെൻഷൻ ഓഫീസർ 2018-19 വർഷത്തിൽ പഞ്ചായത്ത് ഫണ്ടിനു മാത്രമായി പ്രത്യേക കാഷ്ബുക്ക് എഴുതിയിട്ടുണ്ട്. ധനകാര്യവകുപ്പിന്റെ 12-04-2006 ലെ 177/2006-ാം നം ഉത്തരവ് പ്രകാരം നിർവഹണോദ്യോഗസ്ഥർ ടി.ആർ 7-എ ക്യാഷ് ബുക്കിൽ ഡിപ്പാർട്ട്മെന്റ് ഫണ്ടിന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ടിന്റെയും വരവ് ചെലവ് കണക്ക് രേഖപ്പെടുത്തണം. എന്നാൽ കാഷ് ബുക്ക് TR 7A പ്രകാരം എഴുതിയിട്ടില്ല. ഈ അപാകത ശ്രദ്ധയിൽ പെടുത്തുന്നു.

(ബി) പാലിനു സബ്സിഡി-

പ്രോജക്റ്റ് നം 64/19-

ചെലവ് 3,50,000 + 1,37,900 – 4,87,900

| ബിൽ നം/തീയതി | തുക |
|---|---|
| 1/2018-19/04-05-2019 | 1,00,000 |
| 2/2018-19/04-05-2019 | 1,00,000 |
| 3/2018-19/04-05-2019 | 1,00,000 |
| 4/2018-19/04-05-2019 | 50,000 |
| ചെക്ക് നം 1983485/08-05-2019 | 1,37,900 |
| ആകെ | 4,87,900 |

4,87,900 രൂപ 6 ക്ഷീരോൽപാദക സഹകരണ സംഘങ്ങളിലെ ഗുണഭോക്താക്കൾക്ക് താഴെ കാണിച്ച പ്രകാരം വിതരണം നടത്തിയിട്ടുണ്ട്.

| ക്ഷീരോൽപാദക സഹകരണ സംഘം | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|
| പഡ്രെ ക്ഷീരോൽപാദക സഹകരണ സംഘം | 65 |
| പെർള ക്ഷീരോൽപാദക സഹകരണ സംഘം | 122 |
| മുണ്ടിയത്തടുക്ക ക്ഷീരോൽപാദക സഹകരണ സംഘം | 9 |
| ചവർക്കാട് ക്ഷീരോൽപാദക സഹകരണ സംഘം | 33 |
| കാട്ടുകുക്കെ ക്ഷീരോൽപാദക സഹകരണ സംഘം | 50 |
| പള്ളം ക്ഷീരോൽപാദക സഹകരണ സംഘം | 43 |

ഈ പദ്ധതിയുടെ അപാകതകൾ താഴെ നൽകുന്നു.

(എ) പഡ്രെ, പെർള, മുണ്ടിയത്തടുക്ക, ചവർക്കാട്, കാട്ടുകുക്കെ, പള്ളം എന്നീ പാലുൽപാദക സംഘങ്ങൾ നൽകിയ മിൽക്ക് സ്റ്റേറ്റ് മെന്റിൽ പാലിന്റെ മൊത്തം അളവ് കാണിച്ചിട്ടില്ല. ആയതിനാൽ ലിറ്ററിനു 4 രൂപ പ്രകാരം മൊത്തം 4,87,900 രൂപ ചെലവ് ചെയ്തതിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

(ബി) പദ്ധതിയുടെ മോണിറ്ററിങ്ങ് റിപ്പോർട്ട് ഓഡിറ്റിനു ഹാജരാക്കിയിട്ടില്ല. മുകളിൽ സൂചിപ്പിച്ച കാരണങ്ങളാൽ 4,87,900 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് എൻക്വയറി നം.07/13-11-2019 പ്രകാരം വിശദീകരണം ചോദിച്ചതിന് മറുപടി നൽകിയിട്ടില്ല.

# 1-21 തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ് -സംയുക്തമായി പരിശോധന നടത്തുന്നില്ല.

ഗ്രാമപഞ്ചായത്ത് തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ് ഇനത്തിൽ 2018-19 ൽ 3,00,434/ കെ.എസ്.ഇ.ബി യിൽ അടച്ചിട്ടുണ്ട്. എന്നാൽ കെ.എസ്.ഇ.ബി യും ഗ്രാമപഞ്ചായത്തും നാളിതുവരെയായും സംയുക്തമായി പരിശോധന നടത്തി കത്തുന്ന തെരുവ് വിളക്കുകൾ എത്രഎണ്ണം ഉണ്ടെന്നും അവയുടെ തരം ഏതൊക്കെ ആണ് എന്നും നിർണ്ണയിച്ചതായി കാണുന്നില്ല. കത്താത്ത തെരുവ് വിളക്കുകൾക്ക്കൂടി വൈദ്യുതിചാർജ് ഒടുക്കേണ്ടി വരുന്ന അവസ്ഥ ഇത് കാരണം പഞ്ചായത്തിൽ നിലനിൽക്കുന്നു. സംയുക്ത പരിശോധന നടത്തി കത്തുന്ന തെരുവ് വിളക്കുകൾ നിലവിൽ എത്ര എണ്ണമാണ് ഉള്ളത് എന്ന് നിർണയിക്കാനുള്ള നടപടികൾ സ്വീകരിക്കാത്തത് എന്തുകൊണ്ടാണ് എന്ന് വിശദീകരിക്കേണ്ടതാണ്. തെരുവ് വിളക്കുകൾ സംബന്ധിച്ച രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ആയത് പൂർണ്ണമല്ല. സംയുക്ത പരിശോധന നടത്തി കത്തുന്ന തെരുവ് വിളക്കുകൾ നിലവിൽ എത്ര എണ്ണമാണ് ഉള്ളത് എന്ന് നിർണയിച്ച് ആയത് രജിസ്റ്ററിൽ രേഖപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

.

# 1-22 കേരള സോഷ്യൽ സെക്യൂരിറ്റി മിഷന് ഗ്രാമ പഞ്ചായത്ത് വിഹിതം വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

പ്രോജക്ട് നമ്പർ 11/19
ബിൽ നം.1/2019

പദ്ധതിയുടെ പേര്- കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ വിഹിതം.
നിർവഹണ ഉദ്യോഗസ്ഥൻ- സെക്രട്ടറി

ഈ പദ്ധതി പ്രകാരം കേരള സോഷ്യൽ സെക്യൂരിറ്റി മിഷന് ഗ്രാമ പഞ്ചായത്ത് വിഹിതമായി 2,00,000/- (A/C നം 701011400000134) നൽകിയിട്ടുണ്ട് . ഈ തുകയുടെ വിനിയോഗ സാക്ഷ്യപത്രം നാളിതു വരെ പഞ്ചായത്ത്

കരസ്ഥമാക്കിയിട്ടില്ല. തുകയുടെ വിനിയോഗ സാക്ഷ്യപത്രം കൈപ്പറ്റുകയും വിനിയോഗിക്കപ്പെടാത്ത തുക തിരികെ ഈടാക്കേണ്ടതും വിവരം ഓഡിറ്റിന് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## 1-23 പഞ്ചായത്ത് വാഹനം -രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.

ജി.ഒ (എം. എസ് )170 / 07ത .സ്വ .ഭ .വ 30.6.2007പ്രകാരം ഓരോ വാഹനത്തെയും സംബന്ധിച്ച് കസ്റ്റോഡിയൻ ഓഫീസർ താഴെ പറയുന്ന രജിസ്റ്ററുകളും, റെക്കാർഡുകളും നിർബന്ധമായും സൂക്ഷിക്കേണ്ടതാണ്. (KL-14.G.8923 Bolero ജീപ്പ്, KL-14.K.8874 Buds School വാഹനം, KL-14 R 3523 Buds School വാഹനം)

1)ലോഗ് ബുക്ക്

2)പെട്രോൾ ഡീസൽ എന്നിവയുടെ രജിസ്റ്റർ

3) റിപ്പയർ രജിസ്റ്റർ

4)സ്റ്റോക്ക് രജിസ്റ്റർ

5) ഫ്യൂവൽ രജിസ്റ്റർ

എന്നാൽ വാഹനത്തെ സംബന്ധിച്ച ലോഗ്ബുക്ക് മാത്രമേ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ളൂ. മറ്റ് രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
വാഹനങ്ങളുടെ മൈലേജ് ടെസ്റ്റ് നടത്തിയിട്ടില്ല. സമയബന്ധിതമായി മൈലേജ് ടെസ്റ്റ നടത്തേണ്ടതാണ്.

## 1-24 ഡി & ഒ ചട്ടങ്ങളിലെ ഭേദഗതി പ്രകാരം ഫീസ് ഈടാക്കേണ്ടതാണ്

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 31.10.2017 ലെ ജി.ഒ. (പി). നം.80/2017/ത.സ്വ.ഭ.വ, എസ്.ആർ.ഒ. നം.674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം, കേരള പഞ്ചായത്ത് രാജ് ആക്ടിലെ 232, 233, 234 വകുപ്പുകളും 254 വകുപ്പ് കൂട്ടി വായിച്ചും , 1996 ലെ ഡി&ഒ ചട്ടങ്ങൾക്ക് ഭേദഗതി പുറപ്പെടുവിച്ചിട്ടുള്ളതിനാൽ Kerala Panchayath Raj(Issue of License to factories,Traders,Enterpreneurship activities and other services)Rules,1996എന്ന് ചട്ടത്തെ പുനർനാമകരണം ചെയ്തിട്ടുണ്ട്. ആയതു പ്രകാരം നിലവിൽ ചട്ടം 10 ലെ പട്ടിക 2 ലെ വിവിധ വ്യാപാര സ്ഥാപനങ്ങളിൽ നിന്നും വിറ്റു വരവിന്റെ അടിസ്ഥാനത്തിൽ ഈടാക്കി പോരുന്ന ഫീസിനു പകരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ വിവിധ തട്ടുകളാക്കി തരം തിരിച്ച് ഫീസ് ഈടാക്കേണ്ടതാണ്. ഇത്തരത്തിൽ സെക്രട്ടറി തയ്യാറാക്കി നൽകിയ പുതിയ ഫീസ് നിരക്ക് പരിഗണിച്ച് ചർച്ച ചെയ്ത് ഭരണസമിതി അംഗീകാരം നൽകേണ്ടതാണ്. ഇത്തരത്തിൽ അംഗീകാരം ലഭിച്ച നിരക്കുകൾ അനുസരിച്ചായിരിക്കണം 2019-20 വർഷത്തെ ലൈസൻസ് അപേക്ഷകളിൽ സെക്രട്ടറി ഫീസ് ഈടാക്കേണ്ടത്. ഇക്കാര്യം ശ്രദ്ധയിൽപെടുത്തുന്നു.

## 1-25 തൊഴിൽ നികുതി-ശാരീരിക അവശത സ്ഥിരീകരിക്കുന്നതിനുള്ള രേഖ ഹാജരാക്കിയിട്ടില്ല

2018-19 വർഷത്തെ ജീവനക്കാരുടെ തൊഴിൽ നികുതി പരിശോധനയിൽ ഹാജരാക്കിയ റിട്ടേണുകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന ജീവനക്കാരന് ശാരീരിക അവശത ഉണ്ടെന്ന കാരണത്താൽ നികുതി അടവാക്കുന്നതിൽ ഇളവ് നൽകിയതായി കാണുന്നു. എന്നാൽ ശാരീരിക അവശത സ്ഥിരീകരിക്കുന്നതിനായുള്ള രേഖകൾ റിട്ടേണിനൊപ്പം ചേർത്തു വെച്ചിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജീവനക്കാരൻറെ പേരും തസ്തികയും | സ്ഥാപനം | നികുതി അടവാ-ക്കേണ്ടുന്ന കാലയളവ് |
|---|---|---|---|
| 1. | ഷാഫി എം,വില്ലേജ് അസിസ്റ്റന്റ് | വില്ലേജ് ഓഫീസ് ഷേണി | 2018-19,ഒന്നാം അർദ്ധ വർഷം. |

ഭാവിയിൽ ഇത്തരം ഇളവുകൾ നൽകുമ്പോൾ മതിയായ രേഖകൾ ഹാജരാക്കിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

# 1-26 തൊഴിൽ നികുതി പത്രികകൾ നിശ്ചിത മാതൃകയിൽ സമർപ്പിക്കുന്നില്ല

ഗ്രാമ പഞ്ചായത്തിൽ 2018-19 വർഷം ചില സ്ഥാപനങ്ങളുടെ തൊഴിൽ നികുതി പത്രികകൾ നിശ്ചിത മാതൃകയിലല്ല സ്വീകരിച്ചിട്ടുള്ളത്..

| ക്രമ നം | സ്ഥാപനത്തിൻെറ പേര് |
|---|---|
| 1. | കെഎസ്ഇബി,പെർള |
| 2. | മുത്തൂറ്റ് ഫിൻകോർപ്പ്,പെർള |

തൊഴിൽ നികുതി പത്രികകൾ പഞ്ചായത്തിൽ സ്വീകരിക്കുമ്പോൾ നിശ്ചിത മാതൃകയിലുള്ള പത്രികകളാണ് എന്നും വീട്ടുവാടക ബത്ത ഒഴികെയുള്ള വരുമാനം പത്രികകളിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടെന്നും ഉറപ്പു വരുത്തേണ്ടതാണ്.

# 1-27 തൊഴിൽ നികുതി ഒടുക്കിയതിൽ കുറവ്

2018-19 സാമ്പത്തിക വർഷം താഴെ പറയുന്ന ജീവനക്കാരനിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് വന്നതിനാൽ പഞ്ചായത്ത് ഫണ്ടിന് 250/- രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ജീവനക്കാരന്റെ പേര് | ഉദ്യോഗപ്പേര്/ സ്ഥാപനം | ഏത് അർദ്ധ വർഷം | ആകെ വരുമാനം | ഈടാക്കിയ നികുതി | ഈടാക്കേണ്ട നികുതി | കുറവ് |
|---|---|---|---|---|---|---|
| പ്രവീൺ വി എഫ് | അസി. എഞ്ചിനീയർ,എൽ എസ് ജി ഡി. | 2 | 2,72,550 | 1000 | 1250 | 250 |

മേൽ വിവരിച്ച പ്രകാരം, കുറവ് വന്ന 250/- രൂപ ബന്ധപ്പെട്ട വ്യക്തിയിൽ നിന്നോ, ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

# 1-28 വൃദ്ധർക്ക് കട്ടിൽ വിതരണം അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് സെക്രട്ടറി

പ്രൊജക്ട് നമ്പർ - 203/2019 - അടങ്കൽ - ടി .എസ് .പി - 7,00,000/- ചെലവ് - 5,82,900/-

ബില്ല് നമ്പർ - 02/2018-19/25.1.2019 – 4,35,000/-

ബില്ല് നമ്പർ - 07/2018-19/18.3.2019 – 1,47,900/-

തൻവർഷം പട്ടികവർഗത്തിൽപ്പെട്ട 60 വയസ്സ് കഴിഞ്ഞ വൃദ്ധർക്ക് കട്ടിൽ നൽകാനായി നടപ്പിലാക്കിയ പദ്ധതിക്കായിണിത്. അതിനു 5,82,900/- രൂപ മേൽ സൂചനാ ബില്ലുകൾ പ്രകാരം ചെലവഴിച്ചിട്ടുണ്ട്. 134 ഗുണഭോക്താക്കൾക്കാണ് കട്ടിൽ വാങ്ങി നൽകി. ബിൽ നം.221/31.12.2018 പ്രകാരം ARTCO സ്ഥാപനത്തിൽനിന്നു 134 കട്ടിലുകൾ വാങ്ങി വിതരണം ചെയ്തു. സ്ഥാപനത്തിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് ഓൺലൈനായി തുക കൈമാറുകയും ചെയ്തു. (ബാങ്ക് അക്കൗണ്ട് നം.67099281397), പദ്ധതിയുടെ ഫയൽ പരിശോധനാ വിധേയമാക്കിയപ്പോൾ താഴെപ്പറയുന്ന അപാകതകൾ കണ്ടു.

1. പർചെയ്സ് കമ്മിറ്റി, പ്രോക്യൂർമെന്റ കമ്മിറ്റി തീരുമാനങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഗുണനിലവാരം പരിശോധനയ്ക്ക് ഹാജരാക്കിയതിനു രേഖ ലഭ്യമാക്കിയിട്ടില്ല.

2. ലഭിച്ച 134 അപേക്ഷകൾ പരിശോധന നടത്തിയപ്പോൾ 3 പേരുടെ വയസ്സ് തെളിയിക്കുന്ന രേഖകൾ പ്രകാരം പ്രായം 60 വയസ്സിൽ താഴെ ആണ്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

1.ഹൊന്നമ്മ w/o ഈശ്വര നായ്ക്ക്, ബാലക്കല്ല്, ആധാർ 2468019686 പ്രകാരം വയസ്സ് - 54
2 ഗിരിജ w/o കുഞ്ഞപ്പ നായ്ക്ക്, ഇലംതോടി, ആധാർ 219672895224 പ്രകാരം വയസ്സ് - 57
3 അപ്പു നായ്ക്ക്, s/o കൃഷ്ണ നായ്ക്ക്, കാട്ടുകുക്കെ, ആധാർ 680396341359 പ്രകാരം വയസ്സ് - 59

മേൽ സൂചിപ്പിച്ച ഗുണഭോക്താക്കൾക്ക് നൽകിയ കട്ടിലിന്റെ വിലയായ11,058/- രൂപ (3686x3 =11,058) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 1-29 ഐ.കെ.എം വിഹിതം വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

പ്രോജക്റ്റ് നമ്പർ 03/19
ബിൽ നം.12/2019 തി.05.11.2018
ചെലവ്. 1,39,975/-

പദ്ധതിയുടെ പേര്- ഐ.കെ.എം വിഹിതം.
നിർവഹണ ഉദ്യോഗസ്ഥൻ- സെക്രട്ടറി

ഈ പദ്ധതി പ്രകാരം ഐ.കെ.എം നള്ള ഗ്രാമ പഞ്ചായത്ത് വിഹിതമായി 1,39,975/- (A/C നം 57047023512) നൽകിയിട്ടുണ്ട് . ഈ തുകയുടെ വിനിയോഗ സാക്ഷ്യപത്രം നാളിതു വരെ പഞ്ചായത്ത് കരസ്ഥമാക്കിയിട്ടില്ല. തുകയുടെ വിനിയോഗ സാക്ഷ്യപത്രം കൈപ്പറ്റുകയും വിനിയോഗിക്കപ്പെടാത്ത തുക തിരികെ ഈടാക്കേണ്ടതും വിവരം ഓഡിറ്റിന് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

# 1-30 ഗ്രാമപഞ്ചായത്തും കേരള വാട്ടർ അതോറിറ്റിയും സംയുക്ത പരിശോധന നടത്തിയിട്ടില്ല

2018-19 സാമ്പത്തിക വർഷത്തിൽ പൊതു ടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ ആകെ 5,53,878/- രൂപ കേരള വാട്ടർ അതോറിറ്റിക്ക് ഒടുക്കിയിട്ടുണ്ട്. എന്നാൽ പൊതു ടാപ്പുകളുടെ പ്രവർത്തന ക്ഷമത സംബന്ധിച്ച് ഗ്രാമപഞ്ചായത്തും കേരള വാട്ടർ അതോറിറ്റിയും നാളിതു വരെ സംയുക്ത പരിശോധന നടത്തിയിട്ടില്ല. ആയതുകൊണ്ടു തന്നെ ഉപയോഗിക്കുന്ന ജലത്തിന് തന്നെയാണ് ചാർജ്ജ് ഒടുക്കുന്നതെന്ന് ഉറപ്പു വരുത്തുക സാധ്യമല്ല. പൊതു ടാപ്പുകളുടെ എണ്ണം, സ്ഥാനം തുടങ്ങിയ വിവരങ്ങൾ അടങ്ങുന്ന രജിസ്റ്റർ പഞ്ചായത്തിൽ എഴുതി സൂക്ഷിച്ചിട്ടില്ല. ടാപ്പുകളുടെ എണ്ണം, പ്രവർത്തന ക്ഷമത എന്നീ വിവരങ്ങളുടെ അഭാവത്തിൽ കുടിവെള്ള ടാപ്പുകളുടെ വെള്ളക്കരം ഇനത്തിലെ ചെലവിന്റെ കൃത്യത ഉറപ്പു വരുത്താൻ സാധിച്ചിട്ടില്ല.
കുടിവെള്ള ടാപ്പുകളുടെ പൂർണമായ വിവര ശേഖരണം നടത്തേണ്ടതും വാട്ടർ അതോറിറ്റി അധികൃതരുമായി സഹകരിച്ച് ടാപ്പുകളുടെ പ്രവർത്തന ക്ഷമത വിലയിരുത്തി പ്രതിമാസ കുടിവെള്ളക്കരത്തിൽ ക്രമീകരണം നടത്തേണ്ടതും വിവരം ഓഡിറ്റിന് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. കുടിവെള്ള പദ്ധതിയുടെ നടത്തിപ്പും സംരക്ഷണവുമായി ബന്ധപ്പെട്ട് 30/05/2009 ലെ തദ്ദേശസ്വയംഭരണ വകുപ്പിന്റെ 1275/2009 നമ്പരായ സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കുന്നതിന് പഞ്ചായത്ത് അധികൃതർ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-31 പദ്ധതികളുടെ മോണിറ്ററിംഗ് നടത്തിയിട്ടില്ല.

29.01.2018ലെ സർക്കാർ ഉത്തരവ് (കൈ)നമ്പർ 11/2018/തസ്വഭവ പ്രകാരം പദ്ധതികളുടെ മോണിറ്ററിംഗ് വർക്കിംഗ് ഗ്രൂപ്പുകളാണ് നിർവഹിക്കേണ്ടത്. മോണിറ്ററിംഗ് കമ്മിറ്റിയുടെ കൺവീനർ, മറ്റ് അംഗങ്ങൾ എന്നിവരടങ്ങിയ സമിതിയാണ് പദ്ധതികളുടെ മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കേണ്ടത്. ഗ്രാമ പഞ്ചായത്ത് വിവിധ മേഖലകളിൽ തൻവർഷം നടപ്പാക്കിയ പദ്ധതികളുടെ മോണിറ്ററിംഗ് നടത്തിയിട്ടില്ല. ലഭ്യമായ വർക്കിംഗ് ഗ്രൂപ്പുകളുടെ മിനുട്സ് ബുക്ക് പരിശോധിച്ചതിൽനിന്നും പദ്ധതികളുടെ മോണിറ്ററിംഗ് സമ്പന്ധിച്ച തീരുമാനങ്ങളൊ ചർച്ചയോ നടന്നതിന്റെ വിവരങ്ങളില്ല. മേൽ ഉത്തരവ് പ്രകാരം പദ്ധതി

രൂപീകരണ ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതാണ്. വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കി വരും വർഷങ്ങളിൽ നടപ്പാക്കുന്ന പദ്ധതികളുടെ കൃത്യമായ വിലയിരുത്തലിനും മോണിറ്ററിംഗും നടത്തേണ്ടതാണ്.

## 1-32 വൈദ്യുതി ലൈൻ വലിക്കൽ പദ്ധതി- അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രൊജക്ട് നം.305/19 –ഖണ്ടിഗെ സേവ കേന്ദ്രം തെരുവ് വിളക്ക് സ്ഥാപിക്കുന്നതിന് ലൈൻ വലിക്കുന്നത്.

ബിൽ നം.38/2018-19/31.3.2019 - 58,174/-
പ്രൊജക്ട് നം.306/19 –പള്ളം പജ്ജെക്കട്ടെ തെരുവ് വിളക്ക് സ്ഥാപിക്കുന്നതിന് ലൈൻ വലിക്കുന്നത്.
ബിൽ നം.38/2018-19/31.1.2019 – 2,11,954/-

1) ഖണ്ടിഗെ സേവ കേന്ദ്രം തെരുവ് വിളക്ക് സ്ഥാപിക്കുന്നതിന് ലൈൻ വലിക്കുന്നത്- ഈ പദ്ധതിക്കായി കേരള സംസ്ഥാന വൈദ്യുതി ബോർഡ് പെർള സെക്ഷനിൽ 58,174 രൂപ നിക്ഷേപിച്ചിട്ടുണ്ട്. ബാങ്ക് അക്കൗണ്ട് നം.( 42133170000072)
2) പള്ളം- പജ്ജെക്കട്ടെ തെരുവ് വിളക്ക് സ്ഥാപിക്കുന്നതിന് ലൈൻ വലിക്കുന്നത്- ഈ പദ്ധതിക്കായി കേരള സംസ്ഥാന വൈദ്യുതി ബോർഡ് സീതാംഗോളി സെക്ഷനിൽ 2,11,954/- രൂപ നിക്ഷേപിച്ചിട്ടുണ്ട് . ബാങ്ക് അക്കൗണ്ട് നം.( 37049381587)
മേൽ പദ്ധതികൾ പൂർത്തീകരിച്ചത് സംബന്ധമായ രേഖകൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. കൂടാതെ സെക്രട്ടറിയും, അസി.എഞ്ചിനീയർ കേരള സംസ്ഥാന വൈദ്യുതി ബോർഡും തമ്മിൽ കരാറിൽ ഏർപ്പെട്ടിട്ടില്ല. ഓഡിറ്റ് Requisition നമ്പർ 03/11.11.2019 പ്രകാരം, പ്രവൃത്തികൾ പൂർത്തീകരിച്ചത് സംബന്ധിച്ച രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. അതിനാൽ പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നത് വരെ ചെലവ് തുക 2,70,128/- രൂപ തടസ്സത്തിൽ വെക്കുന്നു.

## 1-33 ലൈഫ് ഭവന നിർമ്മാണ പദ്ധതി- ഗുണഭോക്താക്കൾ നിർവ്വഹണ ഉദ്യോഗസ്ഥനുമായി കരാറിലേർപ്പെട്ടിട്ടില്ല.

**നിർവ്വഹണ ഉദ്യോഗസ്ഥൻ :വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ**

സ്വന്തമായി ഭൂമിയുള്ളവർക്ക് വീട് പൂർത്തിയാക്കുന്നതിന് ഉതകുന്ന തരത്തിലുള്ള ധനസഹായം ഉറപ്പാക്കുകയും നിർമ്മാണം അപൂർണ്ണമായ വീടുകളുടെ പൂർത്തീകരണത്തിന് സഹായം ലഭ്യമാക്കുകയും, അതോടൊപ്പം ഭൂരഹിത ഭവനരഹിത കുടുംബാംഗങ്ങൾക്ക് ഭവന സമുച്ചയങ്ങൾ അടിസ്ഥാന മാക്കിയുള്ള സമഗ്ര പുനരധിവാസ പദ്ധതിയും സ്വന്തം ജീവനോപാധി കണ്ടെത്താനുള്ള കൈത്താങ്ങുമാണ് ലൈഫ് മിഷൻ (Lively Inclusion and Financial Empowerment) ലക്ഷ്യമിടുന്നത്.

ഈ ഭവന പദ്ധതി പ്രകാരം പഞ്ചായത്തിൽ 2018-19 സാമ്പത്തിക വർഷത്തിൽ ആകെ 69 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചു. സർക്കാർ ഉത്തരവ് നമ്പർ (എം.എസ്.) 151/2017/ ത.സ്വ.ഭ.വ. പ്രകാരം, പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് പ്രത്യേക മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഭവന നിർമ്മാണം പൂർത്തീകരിച്ച്, തുകയുടെ അവസാന ഗഡു തുക അനുവദിക്കുന്നതിനു മുമ്പ് ഒന്നാം കക്ഷിയായ നിർവ്വഹണ ഉദ്യോഗസ്ഥനും രണ്ടാം കക്ഷിയായ ഗുണഭോക്താവും തമ്മിൽ LF/2138/LIFE 2018 dated.22.02.2019 പ്രകാരമുള്ള കരാറിലേർപ്പെടേണ്ടതാണ്. ഇതിൽ അനുബന്ധം 3 പ്രകാരമുള്ള വ്യവസ്ഥകളിലെ ക്രമനമ്പർ 5 പ്രകാരം, നിർമ്മാണം പൂർത്തിയാക്കിയ ഭവനം യാതൊരു കാരണവശാലും കുറഞ്ഞത് 12 വർഷകാലത്തേക്ക് അനന്തരാവകാശികൾക്കല്ലാതെ മറ്റാർക്കും കൈമാറുന്നതല്ല എന്ന് വ്യവസ്ഥ ചെയ്യുന്നു. എന്നാൽ പഞ്ചായത്തിൽ 2018-19 വർഷത്തിൽ ഭവന നിർമ്മാണം പൂർത്തിയാക്കിയ താഴെ ചേർത്ത ഗുണഭോക്താക്കൾ, മേൽ പരാമർശിത ഉത്തരവ് പ്രകാരം, നിർവ്വഹണ ഉദ്യോഗസ്ഥനുമായി കരാറിലേർപ്പെട്ടിട്ടില്ല. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക |
|---|---|---|
| 1 | ഗിരിജ W/O ആനന്ദ | 400000 |
| 2 | മിസിരിയ W/Oഅബ്ദുൾ ലത്തീഫ് | 400000 |
| 3 | സീത W/O ശങ്കര പാട്ടാളി | 400000 |
| 4 | ഗിരിജ W/O ലോകയ്യ പൂജാരി | 400000 |
| 5 | ലീല W/O നാരായണ പൂജാരി | 400000 |
| 6 | സഫരിയ W/O കെ.എ.അബ്ദുൾറഹ്മാൻ | 400000 |
| 7 | ഗീത W/O നാരായണനായക് | 600000 |
| 8 | രാമ നായക് S/O സുബ്ബ നായക് | 600000 |
| 9 | ലക്ഷ്മി W/O നാരായണ നായക് | 600000 |
| 10 | ഹലീമ W/O അബ്ദുള്ള | 400000 |

സർക്കാർ അനുശാസിക്കുന്ന തരത്തിൽ കരാറിൽ ഏർപ്പെടാതിരുന്നതിനാൽ വ്യവസ്ഥകൾ ലംഘിക്കപ്പെടാവുന്നതിനാൽ ഗുണഭോക്താക്കളുമായി കരാറിലേർപ്പെടേണ്ടതാണ് .

(ഓഡിറ്റ് എൻക്വയറി നമ്പർ 04 / 2018-19 തിയ്യതി.11-11-2019).

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

## [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 2-1 തൊഴിൽ നികുതി ഒടുക്കിയതിൽ കുറവ്

2018-19 സാമ്പത്തിക വർഷം താഴെ പറയുന്ന ജീവനക്കാരനിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് വന്നതിനാൽ പഞ്ചായത്ത് ഫണ്ടിന് 250/- രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ജീവനക്കാരന്റെ പേര് | ഉദ്യോഗപ്പേര്/ സ്ഥാപനം | ഏത് അർദ്ധ വർഷം | ആകെ വരുമാനം | ഈടാക്കിയ നികുതി | ഈടാക്കേണ്ട നികുതി | കുറവ് |
|---|---|---|---|---|---|---|
| പ്രവീൺ വി എഫ് | അസി. എഞ്ചിനീയർ,എൽ എസ് ജി ഡി. | 2 | 2,72,550 | 1000 | 1250 | 250 |

മേൽ വിവരിച്ച പ്രകാരം, കുറവ് വന്ന 250/- രൂപ ബന്ധപ്പെട്ട വ്യക്തിയിൽ നിന്നോ, ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

### [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 ഓവർഹെഡ് ചാർജ്- സർക്കാർ നിബന്ധന പാലിച്ചിട്ടില്ല- നഷ്ടം

29.02.2016 ലെ സ.ഉ.(പി.) നം. 30/2016/ധന. പ്രകാരം ഗുണഭോക്തൃ കമ്മിറ്റികൾ മുഖേന നിർവ്വഹണം നടത്തുന്ന പൊതുമരാമത്ത് പ്രവൃത്തികൾക്ക് 7.5% ഓവർഹെഡ് ചാർജ്ജ് അനുവദിക്കാവുന്നതാണ്. എന്നാൽ MoRD/MoRTH സ്പെസിഫിക്കേഷൻ പ്രകാരം PRICE സോഫ്റ്റ് വെയറിൽ തയ്യാറാക്കിയ ചില പ്രവൃത്തികളുടെ എസ്റ്റിമേറ്റുകളിൽ 10% ഓവർഹെഡ് ചാർജ്ജ് അനുവദിച്ചിരിക്കുന്നതായി കാണുന്നു. PRICE സോഫ്റ്റ് വെയർ പ്രകാരമുള്ള ഓവർഹെഡ് ചാർജ്ജ് സർക്കാർ നിശ്ചയിച്ച ഓവർ ഹെഡ് ചാർജ്ജിനേക്കാളും കൂടുതലായതിനാൽ ഇക്കാര്യത്തിൽ 14.12.2016 ലെ സർക്കാർ കത്ത് നമ്പർ Ind&PW-B2/266/2016/Fin. പ്രകാരം ഗുണഭോക്തൃ കമ്മിറ്റികൾ മുഖേന നിർവ്വഹണം നടത്തുന്ന പ്രവൃത്തികൾക്ക് 7.5% നിരക്കിൽ തന്നെയാണ് ഓവർഹെഡ് ചാർജ്ജ് അനുവദിക്കേണ്ടതെന്ന് സ്പഷ്ടീകരണം നൽകുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 29.12.2016 ലെ DB3-6512(B)/2013/CE/L.S.G.D. നമ്പർ സർക്കുലർ പ്രകാരം MoRD/MoRTH സ്പെസിഫിക്കേഷൻ ഉപയോഗിച്ച് ഗുണഭോക്തൃ കമ്മിറ്റികൾ മുഖേന നടപ്പാക്കുന്ന പ്രവൃത്തികളുടെ വർക്ക് ബിൽ തുകയിൽ നിന്നും ഓവർ ഹെഡ് ചാർജ്ജിന്റെ 7.5% കഴിച്ചുള്ള തുക തിരികെ പിടിക്കേണ്ടതാണെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഗുണഭോക്തൃ സമിതികൾ മുഖേന നിർവ്വഹണം നടത്തുന്ന പ്രവൃത്തികൾക്ക് 7.5% ഓവർഹെഡ് ചാർജ്ജ് മാത്രമേ അനുവദിക്കുകയുള്ളൂ എന്നത് സംബന്ധിച്ച് സപ്ലിമെന്ററി ഉടമ്പടി വെക്കേണ്ടതാണെന്നും മേൽ സർക്കുലറിൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ 2016-17 സാമ്പത്തിക വർഷം ഗ്രാമ പഞ്ചായത്ത് ഗുണഭോക്തൃ സമിതികൾ മുഖേന നിർവ്വഹണം നടത്തിയ താഴെ പറയുന്ന റോഡ് പ്രവൃത്തിയുടെ അന്തിമ ബിൽ തയ്യാറാക്കുമ്പോൾ മേൽ നിർദ്ദേശം പാലിച്ചിട്ടില്ല. ഗുണഭോക്തൃ സമിതി മുഖേന നിർവ്വഹണം നടത്തിയ ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് PRICE സോഫ്റ്റ് വെയറിൽ MoRD സ്പെസിഫിക്കേഷൻ പ്രകാരമാണ് തയ്യാറാക്കിയിരിക്കുന്നത്. ഈ പ്രവൃത്തിക്ക് അനുവദിച്ചിരിക്കുന്ന ഓവർ ഹെഡ് ചാർജ്ജ് 10% ആണ്. അന്തിമ ബില്ലിൽ ഓവർഹെഡ് ചാർജ്ജ് 7.5% ആയി പരിമിതപ്പെടുത്താത്തതിനാൽ താഴെ വിവരിക്കും പ്രകാരം 10,737 രൂപയുടെ അധിക ചെലവുണ്ടായിട്ടുണ്ട്.

| പ്രവൃത്തിയുടെ വിവരങ്ങൾ | | കൺവീനർക്ക് നൽകിയ തുകയുടെ വിവരങ്ങൾ | | | പ്രവൃത്തിക്ക് നൽകേണ്ടിയിരുന്ന തുക | | അധിക ചെലവ് |
|---|---|---|---|---|---|---|---|
| പ്രൊജക്ടിന്റെ വിശദാംശങ്ങൾ | | ട്രഷറി ബിൽ നമ്പർ/ തീയ്യതി | ആകെ തുക (₹) | കൺവീനർക്ക് നൽകിയ തുക (₹) | | | |
| പ്രൊജക്ട് നമ്പർ | പ്രൊജ. നം.208/19 | 4/18-19 തീയതി 19.05.2018 | 4,72,445 | 4,58,272 | ആകെ അളവ് മൂല്യം (10% OH അടക്കം) | 4,72,445 | 10,737 |
| പ്രൊജക്ടിന്റെ പേര് | സർപ്പമലെ മുണ്ടു കുഡ്ലു റോഡ് ബി.ടി വർക്ക് | | | | 7.5% OH പ്രകാരം വേണ്ട ആകെ അളവുമൂല്യം | 4,61,708 | |
| എസ്റ്റിമേറ്റ് & ടി.എസ്. നമ്പർ | ₹ 4,75,000/-<br>എസ്റ്റിമേറ്റ് നം- 2017/56672<br>ടി.എസ്. നം. 42079/ 2017-18- തീ. 31.07.2017 | ആകെ | 4,72,445 | | ട്രഷറിയിൽ നിന്നും പിൻവലിക്കേ | 4,61,708 | |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | ണ്ടിയിരുന്ന തുക | | |
| കൺവീനറുടെ പേര് | ദയാനന്ദ കുലാൽ.കെ | | | | ട്രഷറിയിൽ നിന്നും പിൻവലിച്ച തുക | 4,72,445 | |
| എഗ്രിമെന്റ് നമ്പർ | നം.52/AE/LSGD/EMJ/2017-18 തിയതി 08.02.2018 | | | | | | |
| എം. ബുക്ക് നമ്പർ | 95/18 | | | | | | |
| ആകെ അളവുമൂല്യം | 4,72,445 | | | | | | |

മേൽ അപാകതകകൾക്ക് ഓഡിറ്റ് എൻക്വയറി നം 3, തിയതി 11.11.2019 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി നൽകിയിട്ടില്ല. ആയതിനാൽ പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം പ്രവൃത്തിയുടെ അന്തിമ ബിൽ തുക നൽകിയ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| ക്രമ നമ്പർ | വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | മുന്നിരിപ്പ് ഉൾപ്പെടെ | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|---|---|
| 1 | ജില്ലാ പഞ്ചായത്ത് | 2018-19 | 15,00,000 | 15,00,000 | Well Re-charge | 0 | 15,00,000 |
| 2 | | “ | 2,00,000 | 2,00,000 | Palliative care | 1,01,487 | 98,513 |
| 3 | | “ | 8,51,765 | 8,51,765 | Life Housing (Gen) | 8,38,665 | 13,100 |
| 4 | | “ | 1,17,188 | 1,17,188 | Life Housing (SC) | 1,11,188 | 6,000 |
| 5 | | “ | 1,72,024 | 1,72,024 | Life Housing (ST) | 1,72,024 | 0 |
| 6 | | “ | 2,58,000 | 2,58,000 | Dairy Development | 1,37,900 | 1,20,100 |
| 7 | | “ | 7,00,000 | 7,00,000 | Shee lonj | 0 | 700,000 |
| 8 | | “ | 1,42,857 | 1,42,857 | Ashraya (Gen) | 0 | 1,42,857 |
| 9 | | “ | 1,42,857 | 1,42,857 | Ashraya(SC) | 0 | 1,42,857 |
| 10 | | “ | 1,42,857 | 1,42,857 | Ashraya ST | 0 | 1,42,857 |
| 11 | Block Panchayat | 2018-19 | 2,55,000 | 2,55,000 | Cooly to Paddy | 2,55,000 | 0 |
| 12 | | “ | 6,00,000 | 6,00,000 | Well Re charge | 0 | 600,000 |
| 13 | | “ | 2,50,000 | 2,50,000 | Paliative care | 78,980 | 171,020 |
| 14 | | “ | 7,92,975 | 7,92,975 | Life Housing (Gen) | 7,92,975 | 0 |
| 15 | | “ | 1,85,654 | 1,85,654 | Life Housing (SC) | 1,85,654 | 0 |

| | | | | | | | |
|---|---|---|---|---|---|---|---|
| 16 | | “ | 2,77,778 | 2,77,778 | Life Housing (ST) | 2,77,778 | 0 |
| 17 | | “ | 2,76,725 | 2,76,725 | Scholarship to Disabled | 2,76,725 | 0 |
| 81 | | “ | 3,50,000 | 3,50,000 | Dairy Development | 3,50,000 | 0 |
| 19 | | “ | 3,20,000 | 3,20,000 | Training to Youth (games) | 0 | 3,20,000 |
| 20 | | “ | 5,00,000 | 5,00,000 | Bajakoodlu Panchayath ground Impr | 4,96,956 | 3044 |
| 21 | | “ | 10,00,000 | 10,00,000 | Panchayat office Toilet | 0 | 10,00,000 |
| 22 | | “ | 10,00,000 | 10,00,000 | PHC Toilet | 0 | 10,00,000 |
| 23 | | “ | 9,92,006 | 9,92,006 | Waste management Bld | 7,70,469 | 2,21,537 |
| 24 | | “ | 2,14,286 | 2,14,286 | Ashraya (Gen) | 0 | 2,14,286 |
| 25 | | “ | 2,14,286 | 2,14,286 | Ashraya(SC) | 0 | 2,14,286 |
| 26 | | “ | 2,14,286 | 2,14,286 | Ashraya ST | 0 | 2,14,286 |

# 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

# 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

# 4-4 വായ്പ/വായ്പ തിരിച്ചടവ്

വായ്പയിനത്തിൽ ലഭിച്ച തുകയുടെ വിവരവും വായ്പയിനത്തിലുള്ള തിരിച്ചടവിന്റെ വിവരവും

| വായ്പയുടെ പേര് / ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കി ഉണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| LIFE Housing Loan | GO(MS)100/2018LSGDdt 30/7/18 | 89,49,405 | 89,49,405 | - | - | 89,49,405 |

# 4-5 സ്ഥിര നിക്ഷേപം

ഇല്ല

# 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 3,23,313 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം / ഖണ്ഡിക | ഈടാക്കിയ തുക ₹ | ഒടുക്കിയ ആളുടെ പേർ, ഉദ്യോഗപ്പേരും | രശീത് നമ്പർ തീയ്യതി |
|---|---|---|---|---|
| 2014-15 | 3-1, 3-2& 3-3 | 5040 | Sanoop chandran P Assistant Engineer | 118060101625 dt 12-6-19 |
| 2014-15 | | 1,77,543 | Valsan Padinchare | 118060102092 dt 10/7/18 |
| 2008-09,09-10,10-11 | 3-3 | 1,40,730 | K. Unnikrishnan. Secretary | 118170900045 dt 23/3/19 |
| **ആകെ** | | **3,23,313** | | |

# 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| | | | | | |

# 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

__(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക__

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | ചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടി യിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാര ങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേ ഷിക്കുന്ന തുക/ ബാധ്യത | റിമാർ ക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാ ക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| | | | | | | | | | | | | |

__(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക__

ആകെ റിമാർ

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടി യിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | ക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| | | | | | | | | | | | | |

# 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

ഗ്രാമ പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് റിപ്പോർട്ട് | | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | | വിഷയം | നിലവിലെ സ്ഥിതി |
|---|---|---|---|---|---|
| വർഷം | ഖണ്ഡിക നം. | വർഷം | ഖണ്ഡിക നം. | | |
| 1997-98 | 28 | 2001-02 | 14-1 | കുഴൽക്കിണർ- വിൽപ്പന നികുതി ഈടാക്കാത്തത് | നിയമസഭാ സമിതി പരിഗണനയിൽ |
| 1997-98 | 31 | 2001-02 | 14-2 | ആട്, പശു വിതരണം- അധിക സബ്സിഡി | നിയമസഭാ സമിതി പരിഗണനയിൽ |
| 2000-01 | 14 | 2007-08 | 3-66-3 | ഭവന നിർമാണ ബോർഡ് നിക്ഷേപം- വിനിയോഗ വിവരങ്ങൾ ഇല്ലാത്തത് | നിയമസഭാ സമിതി പരിഗണനയിൽ |
| 2013-14 (വിഷയാധിഷ്ഠിത അവലോകനം | - | 2013-14 | 5-2 | ത.സ്വ.ഭ.സ്ഥാപനങ്ങളും വിദ്യാഭ്യാസവും | തുടരുന്നു |
| 2015-16 | 2-1, 2-2 | 2016-17 | അധ്യായം -2 അനുബന്ധം-5 | തൊഴിൽ നികുതി | തുടരുന്നു |

# 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹10,96,31,136 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹ 8,68,25,622 |
| വരവിനങ്ങളിലുള്ള നഷ്ടം | ₹ 250 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹ 10,737 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹ 11,68,086 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 250 | -- | ഷാജൻ എ വി, സെക്രട്ടറി |
| 3-1 | -- | 10,737 | തിമ്മ കുടിയ, അസി.എഞ്ചിനിയർ<br>ഒറ്റെപ്പട്ടപ്പ് (H) ,ബേരിപദവ് പോസ്റ്റ്, ഉപ്പള, കാസറഗോഡ് |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-19 | 3,99,000 | നിഷാ കെ ജേംസ്, വെറ്റി.സർജൻ |
| 1-20 | 4,87,900 | അജയൻ എസ്,<br>ഡെയറി എക്സ്റ്റെൻഷൻ ഓഫീസർ |
| 1-28 | 11,058 | അബ്ദുൾ ലത്തീഫ് കെ, അസി.സെക്രട്ടറി |
| 1-32 | 2,70,128 | ഷാജൻ എ വി, സെക്രട്ടറി |
| **അകെ** | **11,68,086** | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | തുക |
|---|---|
| ഇല്ല | ഇല്ല |

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

| ഖണ്ഡിക നമ്പർ | ഇല്ല |
|---|---|

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഷാജൻ എ വി | പഞ്ചായത്ത് സെക്രട്ടറി | ----- |
| തിമ്മ കുടിയ | അസി.എഞ്ചിനിയർ | തിമ്മ കുടിയ, അസി.എഞ്ചിനിയർ,<br>ഒറ്റെപ്പട്ടപ്പ് (H) ,ബേരിപദവ് പോസ്റ്റ്, ഉപ്പള, കാസറഗോഡ് |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|
| 1983-84 | LF. C.12-81/91dt 01-01-1990(M) | 7 |
| 1984-85 | LF.C.7/1572/89 dt 15-02-1990 | 22 |
| 1996-97 | LF.KSD 5/162/2000 dt 03-02-00/05-01-01 | 10 |
| 1997-98(Expr) | LF.KSD 6/141/2003 dt 08-04-2003 | 8 |
| 1998-99(Expr) | LF.KSD 6/143/03 dt 22-05-2004 | 9 |
| 1999-2000(Expr) | LF.KSD 6/206/03 dt 02-12-2005 | 5 |
| 2000-01(Expr) | LF.KSD 6/766/03 dt 02-12-2005 | 3 |
| 2001-02(Expr) | LF.KSD 4/767/03 dt 02-12-2005 | 5 |
| 1997-98 | LF.KSD 4/764/07 dt 22-01-2008/30-09-2008 | 3 |
| 1998-99 | LF.KSD 4/765/07 dt 22-01-2008/16-10-2008 | 2 |
| 1999-00 | LF.KSD 4/766/07 dt 22-01-2008 | 3 |
| 2000-01 | LF.KSD 4/873/07 dt 23-03-2009 | 5 |
| 2001-02 | LF.KSD 4/872/07 dt 30-10-2008 | 9 |
| 2002-03 | LF.KSD 4/936/08 dt 25-09-2009/14-03-2011 | 17 |
| 2003-04 | LF.KSD 4/937/08 dt 06-01-2010 | 22 |
| 2004-05 | LF.KSD 4/31/09 dt 04-11-2009 | 19 |
| 2005-06 | LF.KSD 4/32/09 dt 26-10-2009 | 23 |
| 2006-07 | LF.KSD 7/501/011dt 08-02-2012/10-07-2012 | 15 |
| 2007-08 | LF.KSD 7/650/2011 dt 14-02-2012/04-07-2012 | 4 |
| 2008-09,2009-10, 2010-11 | LF.KSD 4/584/12 dt 07-05-2013 | 20 |
| 2011-12 | LF.KSD 9/469/14 dt 13-01-2015 | 14 |
| 2012-13, 2013-14 | LF.KSD 9/273/15 dt 07-08-2015 | 8 |
| 2014-15 | KSA/KSD 5/270/2016 dt 11-04-2016 | 27 |
| 2015-16 | KSA/KSD 5/67/17 dt 12-01-2017 | 11 |
| 2016-17 | KSA/KSD 5/1015/17 dt 20-09-2017 | 11 |
| 2017-18 | KSA/KSD 6/084/2019 dt 30-01-2019 | 13 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

# അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം

നം. കെ.എസ്.എ/കെ.എസ്.ഡി.5/1123/2019.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്-671123

ഇ-മെയിൽ-doksd.ksad@kerala.gov.in

ഫോൺ- 0499-4256690

തീയ്യതി- 09-01-2020.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്-4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(6) 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64എന്നിവ അനുസരിച്ചും പഞ്ചായത്ത്/ നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കൺട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ.) 1413/2018/ ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും എൻമകജെ ഗ്രാമ പഞ്ചായത്തിന്റെ 2018-2019 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിലെ ഖണ്ഡിക 1(12) ൽ ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2018-2019 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

# അനുബന്ധം-2 റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്

Enmakaje Grama Panchayat

RECEIPT & PAYMENT STATEMENT

For the period from 01-April-2018 to 31-March-2019

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | RECEIPTS | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 7969232.02 |
| Cash | Cash | RP-40(a) | 87488.98 |
| | **Operating** | | |
| 110000000 | Tax Revenue | RP-1 | 1065210.00 |
| 140000000 | Fees & User Charges | RP-4 | 372546.00 |
| 150000000 | Sale & Hire Charges | RP-5 | 403040.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 66757510.00 |
| 171000000 | Interest Earned | RP-9 | 102038.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 6801342.00 |
| 350000000 | Other Liabilities | RP-36 | 21196.00 |
| | **Non Operating** | | |
| 180000000 | Other Income | RP-10 | 182955.00 |
| 311000000 | Earmarked Funds | RP-29 | 4.00 |
| 330000000 | Secured Loans | RP-32 | 8949405.00 |
| 340000000 | Deposits Received | RP-34 | 846275.00 |
| 350000000 | Other Liabilities | RP-36 | 147132.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 15672236.00 |
| 460000000 | Loans, Advances and Deposits | RP-47 | 253526.00 |
| | **Grand total** | | **109631136.00** |
| | PAYMENTS | | |
| | **Operating** | | |
| 210000000 | Establishment Expenses | RP-11 | 4410015.00 |
| 220000000 | Administrative Expenses | RP-12 | 982165.00 |
| 230000000 | Operations & Maintenance | RP-13 | 1375546.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 3858482.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 27707178.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 1286739.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 213964.00 |
| 254000000 | Expenditures of Transferred institutions and State Sponsored | RP-19 | 535840.00 |
| | Schemes | | |
| 255000000 | Maintenance Projects | RP-20 | 10770089.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 57000.00 |
| 280000000 | Prior Period item | RP-26 | -140730.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 1399426.00 |
| 350000000 | Other Liabilities | RP-36 | 3848674.00 |
| | **Non Operating** | | |
| 240000000 | Interest & Finance Charges | RP-14 | 13645.00 |
| 330000000 | Secured Loans | RP-32 | 446175.00 |
| 340000000 | Deposits Received | RP-34 | 48525.00 |
| 350000000 | Other Liabilities | RP-36 | 1613570.00 |
| 410000000 | Fixed Assets | RP-38 | 2926970.00 |
| 412000000 | Capital work in Progress | RP-40 | 15496917.00 |
| 440000000 | Pre-paid Expenses | RP-45 | 8949405.00 |
| 460000000 | Loans, Advances and Deposits | RP-47 | 1026027.00 |
| | **Closing Balance** | | |
| Bank | Bank | RP-40(b) | 22714291.02 |
| Cash | Cash | RP-40(b) | 91222.98 |
| | **Grand Total** | | **109631136.00** |

# അനുബന്ധം-3 ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്

| Enmakaje Grama Panchayat<br>INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2018 to 31-March-2019 | | | |
| Code.No | Description of Items | Schedule No | Amount |
| | **INCOME** | | |
| 110000000 | Tax Revenue | I-1 | 3367294.00 |
| 140000000 | Fee & User Charges | I-4(b) | 488891.00 |
| 150000000 | Sale & Hire Charges | I-5(b) | 403040.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 119524783.00 |
| 171000000 | Interest Earned | I-8 | 102038.00 |
| 180000000 | Other Income | I-9 | 182955.00 |
| | **Total Income** | | **124069001.00** |
| | **EXPENDITURE** | | |
| 210000000 | Establishment Expenses | I-10(b) | 10503165.00 |
| 220000000 | Administrative Expenses | I-11(b) | 982165.00 |
| 230000000 | Operations & Maintenance | I-12(b) | 1382518.00 |
| 240000000 | Interest & Finance Charges | I-13 | 13645.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 4571716.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 51064682.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 1190505.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 213964.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 36921040.00 |
| 255000000 | Maintenance Projects | I-14(e) | 10770089.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 57000.00 |
| 272000000 | Depreciation | I-17(a) | 13911257.00 |
| | **Total Expenditure** | | **131581746.00** |
| | **Gross Surplus/ Deficit of income over Expenditure** | | **-7512745.00** |
| 280000000 | Prior Period Item | I-18 | -241252.00 |
| | **Gross Surplus/Deficit of Income over Expenditure after prior period items.** | | **-7271493.00** |

| | | | |
|---|---|---|---|
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

# അനുബന്ധം-4 ബാലൻസ് ഷീറ്റ്

| Enmakaje Grama Panchayat<br>BALANCE SHEET | | | |
|---|---|---|---|
| For the period from 01-April-2018 to 31-March-2019 | | | |
| Code.No | Description of Items | Schedule No | Amount |
| | **LIABILITIES** | | |
| | **Reserve & Surplus** | | |
| 310000000 | Panchayat / Municipal Fund | B-1 | 3301684.35 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 8.00 |
| 312000000 | Reserves | B-3 | 71965546.00 |
| | **Total Reserve & Surplus** | | **75267238.35** |
| | **Grants, Contributions for Specific Purposes** | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 10969580.00 |
| | **Total Grants, Contributions for Specific Purposes** | | **10969580.00** |
| | **Loans** | | |
| 330000000 | Secured Loans | B-5 | 8949405.00 |
| | | | |

| | | | |
|---|---|---|---|
| | **Total Loans** | | **8949405.00** |
| | **Current Liabilities & Provisions** | | |
| 340000000 | Deposits Received | B-7 | 1038073.00 |
| 350000000 | Other Liabilities | B-9 | 1621620.65 |
| | **Total Current Liabilities and Provisions** | | **2659693.65** |
| | TOTAL LIABILITIES | | **97845917.00** |
| | ASSETS | | |
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 92448090.00 |
| 411000000 | Accumulated Depreciation | B-11 | -27822514.00 |
| 412000000 | Capital Work in Progress | B-11(a) | 102000.00 |
| | **Total Fixed Assets** | | **64727576.00** |
| | **Investments** | | |
| | **Current Assets, Loans and Advances** | | |
| 430000000 | Stock-in-hand | B-14 | 13213.00 |
| 431000000 | Sundry Debtors (Receivables) | B-15 | 698206.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 8949405.00 |
| 450000000 | Cash and Bank Balance | B-17 | 22805514.00 |
| 460000000 | Loans, Advances and Deposits | B-18 | 652003.00 |
| | **Total Current Assets, Loans and Advances** | | **0.0** |
| | **Total Current Assets, Loans and Advances** | | **33118341.00** |
| | **Other Assets** | | |
| | **Miscellaneous Expenditure (To the Extent not written off)** | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | **Total Miscellaneous Expenditure (To the Extent not written off)** | | **0.0** |
| | TOTAL ASSETS | | **97845917.00** |